2024
ജനുവരി
വാല്യം 17 | ലക്കം 1
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



## പുതുവത്സരാശംസകൾ



സുവർണ്ണ ജൂബിലി നിറവിൽ വെരി റവ. ഫാ. ഗ്രിഗറി കൂട്ടുമ്മേൽ



സുവർണ്ണ ജൂബിലി നിറവിൽ വെരി റവ. ഫാ. ജോർജ് മേരിമംഗലം



ദിവ്യകാരുണ്യ വർഷത്തിന്റെ സമാപനം - മൂന്നാർ സോൺ

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**2024 JANUARY** Registered Newspaper, Reg. No. KERMAL/2008/24745 **Vol.17 • No.01**



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ

6.. അനുഗ്രഹ സ്രോതസ്സായി വിമലഗിരി തിരുനാൾ

8.. നീതിനിഷേധത്തിന്റെ 73 വർഷങ്ങൾ

12. കുട്ടികളേയും ദുർബലരായ മുതിർന്നവരേയും ...

17. പ്രതീക്ഷയുണർത്തിയ ഹെറിറ്റേജ് സെമിനാർ

19. ജൂബിലി 2025 ലോഗോയുടെ അനാവരണം

20. സഫലമീ ജീവിതം

23. കുട്ടികളുടെ ലോകദിനം 2024

24. നമ്മുടെ ക്രൈസ്തവ ജീവിതത്തിന്റെ.....

29. പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം

30 ഇടവക വാർത്തകൾ

32. വി.എസ്.എസ്.എസ്. വാർത്തകൾ

34. അഭി. പിതാവിന്റെ ജനുവരി മാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial




# ഐശ്വര്യപൂർണ്ണമായ
## പുതുവത്സരത്തിലേക്ക് നമുക്ക് കടന്നുവരാം

**ഭൂ**തത്തെവിട്ട് ഭാവിയിലേക്ക് കടന്നുവരാൻ നമ്മെ ക്ഷണിക്കുന്ന പുതുവർഷത്തിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. ജനുവരി 1ന് ദൈവമാതാവിന്റെ തിരുനാളിൽ പിറക്കുന്ന 2024-ാം വർഷം ഏവർക്കും അനുരഞ്ജനത്തിന്റെയും അനുഗ്രഹത്തിന്റെയും ഐശ്വര്യത്തിന്റെയും നാളുകളായിരിക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

റോമൻ ദേവനായ ജാനുസിന്റെ പേരിൽ നിന്നാണ് വർഷത്തിലെ ആദ്യമാസത്തിന് ജനുവരി എന്ന പേരുണ്ടായത്. പിറകിലേക്കും മുന്നിലേക്കുമായി രണ്ടു മുഖങ്ങളുള്ള ഒറ്റത്തലയനാണ് ജാനുസ്. ജനുവരിയിൽ പുതുവത്സരത്തിലേക്ക് കടന്നുവരുന്ന നാം പിന്നിലേക്ക് നോക്കിയിട്ട് മുന്നിലേക്ക് മുന്നേറണം എന്ന സന്ദേശമാണതേകുന്നത്. പിന്നിലേക്ക് നോക്കി നേട്ടങ്ങൾ കണ്ട് ദൈവത്തിന് കൃതജ്ഞതയർപ്പിക്കാനും കോട്ടങ്ങൾ കണ്ട് ദൈവത്തോട് മാപ്പിരക്കാനും ഇല്ലായ്മകൾ തിരിച്ചറിഞ്ഞ് ദൈവാശ്രയബോധത്തോടെ മുന്നേറാനും നമുക്കുകാണം. പുതുവത്സരത്തിന്റെ തുടക്കത്തിലേ തന്നെ. മുന്നോട്ടു നോക്കി പ്രത്യാശാഭരിതരായി തെറ്റുകൾ തിരുത്തിയും ന്യൂനതകൾ പരിഹരിച്ചും നല്ല ലക്ഷ്യബോധത്തോടെ ഉചിതമായ തീരുമാനങ്ങളെടുത്ത് പുതുവത്സരത്തിലേക്ക് മുന്നേറാനും നമുക്ക് സാധിക്കണം. വ്യക്തിപരമായും കുടുംബപരമായും കൂട്ടായ്മപരമായും സമൂഹപരമായും നവീകൃതരായി ഊർജ്ജസ്വലതയോടെ മുന്നേറാൻ നാം ശ്രദ്ധിക്കണം. കുടുംബങ്ങളിലും കുടുംബകൂട്ടായ്മകളിലും ഇടവകകളിലും രൂപത പ്രാവർത്തികമാക്കി മുന്നേറാൻ നമുക്കാകണം. അതിന് അവസരമേകാനാണ് 2023 ഒക്ടോബറിൽ പൂർത്തിയാകാനിരുന്ന മെത്രാന്മാരുടെ സിനഡ് ഒരു വർഷം കൂടി ദീർഘിപ്പിച്ചത്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളെ പഠിച്ച് അതിന്റെ ചൈതന്യം ഉൾക്കൊള്ളാനായിരുന്നു 2023 ലെ ഉദ്ദേശ്യമെങ്കിൽ, 2024 പ്രാർത്ഥനയുടെ വർഷമായി ആചരിക്കാനാണ് സഭ നിർദ്ദേശിക്കുന്നത്.

ഡിസംബർ 25-ാം തീയതി ദിവ്യരക്ഷകന്റെ തിരുപ്പിറവി ആഘോഷിച്ചു. 31-ാം തീയതി തിരുക്കുടുംബത്തിന്റെ തിരുനാളും 2024 ജനുവരി 1-ാം

തീയതി പരിശുദ്ധ ദൈവമാതാവിന്റെ തിരുനാളും ആഘോഷിച്ച് പുതുവത്സരത്തിലേക്ക് പ്രവേശിക്കുന്ന നാം പുതുവത്സരത്തിലെ രണ്ടാം ഞായറാഴ്ചയായ ജനുവരി 8-ാം തീയതി മൂന്നു രാജാക്കന്മാരുടെ തിരുനാളും പിറ്റേ ദിവസം 9-ാം തീയതി യേശുവിന്റെ ജ്ഞാനസ്നാന തിരുനാളും കൊണ്ടാടിയിട്ട് യേശുവിന്റെ പരസ്യജീവിതത്തെ പ്രബോധനങ്ങളെയും പ്രവർത്തനങ്ങളെയും കണ്ടുമുട്ടലുകളെയും ആചരിക്കുന്ന ആണ്ടുവട്ടത്തിലെ ആഴ്ചകളിലേക്ക് കടന്നുവരും. കർത്താവിന്റെ ജനനാഘോഷത്തിന്റെ 40-ാം നാളായ ഫെബ്രുവരി 2-ാം തീയതി യേശുവിന്റെ സമർപ്പണതിരുനാളും നാം കൊണ്ടാടും. ആണ്ടുവട്ടത്തിലെ 6-ാം ഞായറാഴ്ചക്കുശേഷം ഫെബ്രുവരി 14-ാം തീയതി വിഭൂതി തിരുനാൾ ആചരിച്ച് നാം തപസുകാലം ആരംഭിക്കും. അതിന്റെ നല്പതാംദിവസം മാർച്ച് 24-ാം തീയതി ഓശാന ഞായറാഴ്ചയോടെ നാം വിശുദ്ധവാരത്തിലേക്ക് കടന്നുവരും. തുടർന്ന് മാർച്ച് 23-ാം തീയതി ആരാധനാ വത്സരത്തിലെ ഏറ്റവും പ്രധാന ദിവസങ്ങളായ പെസഹാ ത്രിദിനം ആരംഭിക്കും. അതിന്റെ മകുടമായി മാർച്ച് 31-ാം തീയതി നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളായ ഈസ്റ്റർ നമ്മുടെ കർത്താവിന്റെ ഉത്ഥാനതിരുനാൾ നാം കൊണ്ടാടും. അതിന്റെ 50-ാം നാളായ മെയ് 19-ാം തീയതി സഭയുടെ ജന്മദിനമായ പെന്തക്കോസ്ത മഹോത്സവം കൊണ്ടാടിയിട്ട് ആണ്ടുവട്ടത്തിലെ ആഴ്ചകളിലേക്ക് നാം തിരിച്ചുവരും. ആണ്ടുവട്ടത്തിലെ 34 -ാം ഞായറിൽ നവംബർ 24-ാം തീയതി ക്രിസ്തുരാജന്റെ തിരുനാൾ കൊണ്ടാടിക്കൊണ്ട് ഈ ആരാധനാവത്സരത്തിന്റെ സമാപന ആഴ്ചയിലേക്ക് നാം പ്രവേശിക്കും. അങ്ങനെ ഏകദേശം ഒരു വർഷം നീണ്ടുനില്ക്കുന്ന ആരാധനാവത്സരാഘോഷത്തോടെ നാം യേശുവിന്റെ ജനനം (ഒന്നാം വരവ്) മുതൽ വീണ്ടുവരവുവരെയുള്ള സംഭവങ്ങളിലേക്ക് പ്രാർത്ഥനയോടും ധ്യാനത്തോടും ആഘോഷത്തോടുംകൂടെ മുന്നേറുന്നു.

ഈ വർഷം ഒക്ടോബറിൽ പൂർത്തിയാകുന്ന സിനഡാത്മക സിനഡിലൂടെ സിനഡാത്മകതയെ സഭയുടെ എല്ലാത്തലങ്ങളിലും നമുക്ക് പ്രാവർത്തികമാക്കാം ഒപ്പം പരിശുദ്ധ പാപ്പ വിളംബരം ചെയ്ത അന്തർദേശീയ ശിശുദിനം ആഘോഷിച്ച് നമ്മുടെ കുഞ്ഞുങ്ങളെ നമുക്ക് വിലമതിക്കാം, ആഘോഷിക്കാം. 2024 മെയ് 25-26 തീയതികളിൽ റോമിൽ വച്ചാണ് അതു നടക്കുക. കേരള സഭാ നവീകരണത്തിന്റൊയി 2024 യുവജന വർഷമാണ്. അതിലൂടെ സഭയുടെ ശക്തിയായ യുവജനങ്ങളെയും നമുക്ക് ശ്രദ്ധയോടെ പരിഗണിക്കാം.


2023-ലെ യുദ്ധങ്ങളെയും കെടുതികളെയും സഭയിലെ പ്രശ്നങ്ങളെയും അതിജീവിച്ച് പരസ്പരം അനുരഞ്ജനപ്പെട്ട് നീതിയിലും സമാധാനത്തിലും സ്നേഹത്തിലും ഐക്യപ്പെട്ട് പ്രത്യാശാഭരിതരായി 2024 ലേക്ക് നമുക്ക് മുന്നേറാം.

-പത്രാധിപർ

# അനുഗ്രഹ സ്രോതസ്സായി വിമലഗിരി തിരുനാൾ

**അഡ്വ. ഹെൻറി ജോൺ**

**ജാ**തിമതഭേദമെന്യേ അനേകർക്ക് ആശ്വാസവും സാന്ത്വനവുമേകുന്ന വിമലഗിരി മരിയൻ തീർത്ഥാടനകേന്ദ്രത്തിലെ നൊവേന തിരുനാൾ ഭക്ത്യാദരപൂർവ്വം വിശ്വാസികൾ ആചരിച്ചു. ആണ്ടുതോറും നവംബർ 29 ന് കൊടിയേറി ആരംഭിക്കുന്ന നൊവേന തിരുനാളിനു ഉപവാസത്തോടെയും മത്സ്യമാംസാദികളിൽ നിന്നുള്ള വർജ്ജനത്തോടെയും പ്രാർത്ഥനയോടെയുമാണ് ഭക്തജനങ്ങൾ സജീവമായി പങ്കെടുക്കുന്നത്.



നവംബർ 29ന് വൈകുന്നേരം 5.15ന് അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് ആഘോഷപൂർവ്വം കൊടിയേറ്റി. തുടർന്ന് രൂപതാ ചാൻസലർ മോൺ. ജോസ് നവസ് മുഖ്യകാർമ്മികനായി അർപ്പിക്കപ്പെട്ട സമൂഹബലിയൊടെയായിരുന്നു നൊവേന തിരുനാളിന്റെ പ്രാരംഭം. എല്ലാ ദിവസവും ദിവ്യബലി, മരിയൻ സന്ദേശം, നൊവേന, ദിവ്യകാരുണ്യാശീർവ്വാദം എന്നിവയായിരുന്നു ശുശ്രൂഷകൾ. ഭക്തിസാന്ദ്രമായ മരിയൻ ഗീതികളുടെ അലയൊലികൾ അന്തരീക്ഷത്തിൽ മുഴങ്ങുമ്പോൾ നടക്കുന്ന നേർച്ചവിതരണത്തോടെയായിരുന്നു എല്ലാ ദിവസത്തെയും ശുശ്രൂഷകൾ സമാപിച്ചത്.

പ്രധാന തിരുനാൾ ദിനമായ 8ന് തലേന്നു തന്നെ പദയാത്രകളായി വിശാലമായ രൂപതയുടെ വിദൂരഭാഗങ്ങളിൽ നിന്നുള്ള തീർത്ഥാടകർ ഇക്കൊല്ലവും എത്തി. കൂടാതെ

സമീപ ഫൊറോനകളിൽ നിന്നുള്ള തീർത്ഥാടകർ ഡിസംബർ 8നും പദയാത്രാ സംഘങ്ങളായി എത്തിച്ചേർന്നു. ഡിസംബർ 7നു വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ മുഖ്യകാർമികനായി സമൂഹബലിയർപ്പിക്കപ്പെട്ടു. എപ്പിസ്ക്കോപ്പൽ വികാരി മോൺ സെബാസ്റ്റ്യൻ പൂവത്തുങ്കൽ വചന സന്ദേശം നൽകി. തുടർന്ന് നൊവേനക്കുശേഷം ഭക്ത്യാദരപൂർവ്വം നടത്തുന്ന സായാഹ്ന പട്ടണ പ്രദക്ഷിണത്തിന് ഭവനങ്ങളും വീഥികളും സമുചിതമായി അലങ്കരിച്ച് മാതാവിനെ എതിരേല്ക്കുന്നതിൽ ഇക്കൊല്ലവും പൂർവ്വാധികം എല്ലാവരും ശ്രദ്ധവച്ചു. തുടർന്ന് ദിവ്യകാരുണ്യാശീർവ്വാദത്തിനുശേഷം അൾത്താരയ്ക്കു മുകളിൽ പ്രതിഷ്ഠിച്ചിരുന്ന വിമലഗിരി മാതാവിന്റെ അത്ഭുത തിരുസ്വരൂപം വന്ദിക്കുന്നതിനായി 'നട' തുറന്നു. അന്നും പിറ്റേദിവസം ഡിസംബർ 8നും അർദ്ധരാത്രി കഴിഞ്ഞ് വളരെ വൈകിയും അനേകായിരങ്ങൾ മാതാവിനെ വണങ്ങുവാനും പ്രാർത്ഥനകൾ അർപ്പിക്കാനും എത്തിയിരുന്നു. അത്ഭുതപൂർവ്വമായ ഭക്തജനത്തിരക്കാണ് ഈ വർഷം അനുഭവപ്പെട്ടത്.

എക്യുമെനിക്കൽ സന്ദേശം ഉദ്ഘോഷിച്ചുകൊണ്ട് സീറോ-മലബാർ റീത്തിൽ സഭാ കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലും സീറോ- മലബാർ റീത്തിൽ ബിഷപ്പ് യൂഹന്നാൻ മാർ ജൂലിയോസ്സും ദിവ്യബലിയർപ്പിച്ച് മരിയൻ സന്ദേശം നൽകി.

വിശ്വാസി സമൂഹം പരിശുദ്ധ വിമലഗിരി മാതാവിന്റെ തിരുനാളിൽ പങ്കുചേർന്ന് ദിവസവും പ്രസുദേന്തിമാരാകുന്നതിനു കാണിക്കുന്ന ശുഷ്കാന്തി ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നത് വിമലഗിരി അമ്മയോടുള്ള അവരുടെ ഭക്തിയും സ്നേഹവും വിശ്വാസവുമാണ് വെളിപ്പെടുത്തുന്നത്.

പ്രധാന തിരുനാൾദിനമായ ഡിസംബർ 8നു രാവിലെ 7നു ദിവ്യബലിയിലും 9നുള്ള ഗ്രിഗോറിയൻ ഗാനാലാപന ക്രമത്തിൽ കുമളി ആനവിലാസം ആശ്രമ സുപ്പീരിയർ ഫാ. ലോറൻസ് ബുദ്ധയുടെ കാർമ്മികത്വത്തിലുമുള്ള ദിവ്യബലിയിലും അനേകർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് വിവിധ സ്ഥലങ്ങളിൽ നിന്നുള്ള തീർത്ഥാടകർ കോട്ടയം നല്ലയിടയൻ ദൈവാലയത്തിൽ സംഗമിച്ച് നേർച്ചസദ്യക്കുശേഷം വിമലഗിരിയിലേക്ക് മരിയൻ റാലി നടത്തി. ഫൊറോന വികാരി ഫാ. വിൽസൺ കാപ്പാട്ടിൽ ഒ.സി.ഡി. റാലി നയിച്ചു. 2.30 ന് രൂപതയിലെ വൈദികരെല്ലാവരും സഹകാർമ്മികത്വം വഹിച്ച ആഘോഷമായ തിരുനാൾ സമൂഹബലിക്ക് അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തോടെയും സ്നേഹവിരുന്നോടെയും തിരുനാളിന് പരിസമാപ്തിയായി. ഡിസംബർ 18ന് എട്ടാമിട ആഘോഷങ്ങളുടെ ഭാഗമായി ആഘോഷമായ ദിവ്യബലി സെബാസ്റ്റ്യൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ടു. തുടർന്ന് കൊടിയിറക്കി.

# നീതിനിഷേധത്തിന്റെ 73 വർഷങ്ങൾ

**ഡോ. സിജോ ജേക്കബ്**

**എ**ഴുപത്തിമൂന്ന് വർഷങ്ങളായി നീതിയും മൗലികാവകാശവും നിഷേധിക്കപ്പെടുന്ന ഒരു ജനതയുടെ പക്ഷം ചേർന്നാണ് ഇതെഴുതുന്നത്. ഭരണഘടനയുടെ ഏത് അളവുകോലുകൾ വെച്ചളന്നാലും ഒറ്റനോട്ടത്തിൽ തിരിച്ചറിയാവുന്ന അവകാശലംഘനം. നൂറ്റാണ്ടുകൾ നീണ്ട കോളനീകരണത്തിൽ നിന്ന് ഭാരതം സ്വതന്ത്രമായി വെളിച്ചത്തിലേക്കു യാത്ര തുടങ്ങി അധികം വൈകാതെ നീതിനിഷേധത്തിന്റെ ഒരു കൂച്ചുവിലങ്ങ് ദലിത് ക്രിസ്ത്യാനികളെ ചുറ്റിവരിഞ്ഞു. 1950 ആഗസ്റ്റ് 10നായിരുന്നു അത്. ക്രിസ്തുമതത്തിൽ വിശ്വസിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് രാഷ്ട്രപതിയുടെ പ്രത്യേക ഉത്തരവിലൂടെ സംവരണ അവകാശങ്ങൾ അന്നു മുതൽ നിഷിദ്ധമായി. ഏതു മതത്തിൽ വിശ്വസിക്കാനും മതത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കാനും മൗലികാവകാശമുള്ള ഒരു രാജ്യത്താണ് ഇതു നടന്നതെന്ന് ഓർക്കണം.

നൂറ്റാണ്ടുകളായി ഭരണ, സാമൂഹിക ഘടനയിൽ നിലനിൽക്കുന്ന ജാതീയമായ വിവേചനത്തിന്റെയും അടിമത്ത ചിന്താഗതികളുടെയും തിക്തഫലങ്ങൾ അനുഭവിച്ച ഒരു ജനതയ്ക്ക് സംരക്ഷണം അനിവാര്യമാണെന്ന നിലപാടിന്റെ ഫലം ചൂടലായിരന്നു സംവരണം. അംബേദ്കർ അടക്കമുള്ള ഭരണഘടനാ വിധാതാക്കൾ നിർദ്ദേശിച്ച ഈ ആശയം, സാമൂഹിക, വിദ്യാഭ്യാസ, രാഷ്ട്രീയ തലങ്ങളിൽ പൊതുസമൂഹത്തിനൊപ്പം ഉയിർത്തെണീല്ക്കാൻ പിന്നാക്ക വിഭാഗങ്ങൾക്ക് കൈത്താങ്ങായി. ജാതീയമേധാവിത്വവും അടിമത്തവും തകർത്ത ദലിതരുടെയുള്ളിൽ ആത്മാഭിമാനം വളരാൻ ഇതു കുറച്ചൊന്നുമല്ല സഹായിച്ചത്.പക്ഷേ, അതേ ദാരുണാനുഭവങ്ങളിലൂടെ കടന്നുപോയ ക്രൈസ്തവരായ ദലിതർക്ക് ഈ സംവരണത്തിന് അർഹതയില്ല എന്ന രാഷ്ട്രീയനിലപാട് ഭാരതചരിത്രത്തിലെ തന്നെ ആദ്യത്തെ ഭരണഘടനാലംഘനമാണെന്നു പറയേണ്ടിവരും.

ദാരിദ്ര്യവും അടിമത്തവും അയിത്തവും അനുഭവിക്കേണ്ടിവന്ന ദലിതർ മൃഗതുല്യനായി പരിഗണിക്കപ്പെട്ട ഒരു കാലമുണ്ടായിരുന്നു. ആ അധമാവസ്ഥയിൽ നിന്നും മനുഷ്യനെന്ന പരിഗണനയിലേക്ക് അവനെ എത്തിച്ചത് ക്രിസ്തുമതമാണ്. അതേ മതത്തിന്റെ അനുയായികളാണെങ്കിലും പക്ഷേ, അവരിന്നും അനുഭവിക്കുന്ന സാമൂഹിക പിന്നാക്കാവസ്ഥയ്ക്ക് മാറ്റമൊന്നുമില്ല. ക്രൈസ്തവമതം സ്വീകരിച്ച ദലിതരുടെ സാമൂഹിക നിലവാരം മെച്ചപ്പെട്ടതിനാൽ, മറ്റു ദലിതർക്ക് നല്കുന്ന അവകാശങ്ങൾ അവർക്കു നല്കേണ്ടതില്ല എന്ന ന്യായം അടിസ്ഥാനരഹിതവും അനീതി

നിറഞ്ഞതും യുക്തിരഹിതവുമാണ്. അങ്ങനെയെങ്കിൽ പിൽകാലത്ത് ബുദ്ധമത, സിഖ്മതവിശ്വാസികളായ ദലിതർക്ക് പട്ടിക ജാതി സംവരണം നടപ്പിലാക്കിയത് ഏതു മാനദണ്ഡങ്ങളുടെ പേരിലാണ്? അപ്പോൾ ഇവിടെ മതമാണോ സംവരണത്തിന്റെ അളവുകോൽ? രാഷ്ട്രപതിയുടെ പ്രത്യേക ഉത്തരവിന്റെ ഭരണഘടനാപരമായ സാധുത ഇതിനകം പല കമ്മറ്റികളും കമ്മീഷനുകളും ചോദ്യം ചെയ്തിട്ടുണ്ടെന്ന കാര്യവും മറക്കരുത്.

മൗലികാവകാശ ലംഘനത്തിന്റെ മികച്ച ഉദാഹരണമാണ് ദലിത് ക്രൈസ്തവരുടെ സംവരണ നിഷേധം. മതേതരരാഷ്ട്രത്തിന്റെ നിലപാടുകൾ മതത്തിന് അതീതമായിരിക്കണമല്ലോ. ഇനി ഒരാൾ ക്രിസ്തുമതത്തിൽ നിന്നും ഹിന്ദുമതത്തിലേക്കു വന്നാലോ? പട്ടികജാതി സംവരണ അവകാശങ്ങൾ അയാൾക്കു കിട്ടും അപ്പോൾ സംവരണം മാതാധിഷ്ഠിതമല്ല എന്ന വാദം നിരർഥകമല്ലേ? മതം മാറുമ്പോൾ ഒരാളുടെ ജാതി മാറുമോ? ഒരിക്കലുമില്ല. ഒരാളുടെ മതം മാറ്റം അയാൾ ജനിച്ച ജാതിയിലും അയാളുടെ സാമൂഹികസ്ഥാനത്തിലും പൊതു സമൂഹത്തിന്റെ നോട്ടക്കോണുകളിലും ഒരു മാറ്റവുമുണ്ടാക്കുന്നില്ല.

ഭാരതത്തിലെ ദലിതുകൾ സ്വീകരിച്ച വിവിധ മതങ്ങൾക്കുള്ളിൽ നില നില്ക്കുന്ന ഘടന പരിഗണിക്കപ്പെടേണ്ടതാണ്. ആത്മീയ പ്രബോധന തലങ്ങളിൽ ഓരോ മതവും ഉന്നതമായ ചിന്തകളും പ്രതീക്ഷകളും നില നിർത്താറുണ്ടെന്നത് നേരാണ്. പക്ഷെ ഭൗതികമായി പരിശോധിക്കുമ്പോൾ ഭാരതീയമായ ചട്ടക്കൂടുകൾക്കു വിധേയമായാണ് അതിനുള്ളിലെ സാമൂഹികശ്രേണികളും അധികാരവ്യവസ്ഥയും നിലനിൽക്കുന്നതെന്നു കാണാം. അതായത് പല മതങ്ങളുടെയും ഭൗതികസാഹചര്യങ്ങളിൽ ജാതീയമായ ഉച്ചനീചഭേദങ്ങളുണ്ട്. കാരണം നൂറ്റാണ്ടുകളായി ഈ മതങ്ങളെല്ലാം നിലനില്ക്കുന്നത് ഭാരതത്തിന്റെ സാമൂഹിക ഘടനയ്ക്കുള്ളിലാണല്ലോ. അതിനാൽ ദലിതർ ഏതെങ്കിലുമൊരു മതത്തിന്റെ ഭാഗമാകുമ്പോൾ ആത്മീയമേഖലകളിൽ മാത്രമേ കാതലായ മാറങ്ങൾ ഉണ്ടാകുന്നുള്ളു. ചുരുക്കത്തിൽ മതം ദലിതന്റെ ജാതീയമായ സ്ഥാനം ഒട്ടമേ മാറ്റുന്നില്ല. ക്രിസ്തുമതത്തിലും ബുദ്ധമതത്തിലും സിഖ്മതത്തിലുമെല്ലാം ഭാരതീയമായ ഈ ശ്രേണിവ്യവസ്ഥ നില നിൽക്കുന്നുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ക്രിസ്തുമത വിശ്വാസിയായ ഒരു പട്ടികജാതിക്കാരന്റെ സാമൂഹികാവസ്ഥയ്ക്ക് കാലായ മാറ്റം വന്നുവെന്ന് എങ്ങനെ പറയാൻ കഴിയും. അയാളുടെ ആത്മീയജീവിതത്തിൽ മാത്രമേ മാറ്റമുണ്ടാകുന്നുള്ളൂ. ജാതിയമായ സ്ഥാനം അതേപടി നിലനിൽക്കുകയാണ്. 1950-ലെ ഉത്തരവ് റദ്ദു ചെയ്ത് ക്രിസ്ത്യൻ ദലിതരുടെ നിഷേധിക്കപ്പെട്ട അവകാശങ്ങൾ പുനഃസ്ഥാപിക്കുമ്പോൾ യഥാർഥത്തിൽ മൗലികമായ മനുഷ്യാവകാശങ്ങളാണ് വീണ്ടെടുക്കപ്പെടുന്നത്. രാഷ്ട്രപതിയുടെ ഉത്തരവ് 1956-ൽ ഭേദഗതി ചെയ്ത് സിഖുകാർക്കും, 1960-ൽ ഭേദഗതി ചെയ്ത് ബുദ്ധമതക്കാർക്കും സംവരണം ഏർപ്പെടുത്തിയ സർക്കാർ പക്ഷെ ക്രിസ്തുമത വിശ്വാസിക

ളായ ദലിതരോടുള്ള മതവിവേചനം തുടരുകയാണ്. വരേണ്യ ഹിന്ദുത്വ അജണ്ടകളും വോട്ടുബാങ്ക് രാഷ്ട്രീയവുമാണ് ഇതിനു പിന്നിലെന്നു പറയാതിരിക്കാൻ വയ്യ.

ഭാരതത്തിലെ ക്രൈസ്തവരിൽ നല്ലൊരു ശതമാനം ദലിത് വിഭാഗമാണെങ്കിലും അവർ ഇന്നു ചിതറിക്കപ്പെട്ട നിലയിലാണ് കത്തോലിക്കർ പ്രോട്ടസ്റ്റന്റ്, സി.എസ്.ഐ. ലൂഥറൻ, ആംഗ്ലീക്കൻ ഇങ്ങനെ ഒരുപാട് സഭാവിഭാഗങ്ങളായി വേറിട്ടു നില്ക്കുന്നു. അതുകൊണ്ടുതന്നെ ഒറ്റക്കെട്ടായുള്ള മുന്നേറ്റങ്ങൾക്കോ സമരങ്ങൾക്കോ ഇതുവരെ ഇവിടത്തെ ദലിതർക്ക് കഴിഞ്ഞിട്ടില്ല.

മാറി മാറിവന്ന കേന്ദ്രസർക്കാരുകൾ ഈ വിഷയത്തിൽ വിവിധ കമ്മീഷനുകളെ നിയമിച്ചിരുന്നു. ദലിത് ക്രൈസ്തവർക്കും സംവരണം നിഷേധിക്കുന്നത് അനീതിയും ഭരണഘടനാലംഘനവുമാണെന്ന് അവരിൽ പലരും റിപ്പോർട്ട് നല്കിയിട്ടുമുണ്ട്. പിന്നാക്കവഭിഗങ്ങളെപ്പറ്റി പഠിക്കാൻ ആദ്യം നിയമിക്കപ്പെട്ട കലേർക്കൻ കമ്മീഷന്റെ റിപ്പോർട്ട് ഉദാഹരണം. ദലിത് ക്രൈസ്തവരുടെ സാമൂഹിക ജാതി വിവേചനങ്ങൾ അതിൽ അക്കമിട്ടു നിരത്തുന്നുണ്ട്.

1975-ൽ നിയമിക്കപ്പെട്ട ചിദംബരം കമ്മീഷനും 1980 ലെ ബി.പി.മണ്ഡൽ സമിതിയും റിപ്പോർട്ടുകൾ നല്കുകയുണ്ടായി. വിവിധ മതങ്ങളിലെ ദലിതരുടെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ വിലയിരുത്തിയ ഈ കമ്മറ്റികൾ, മതപരിവർത്തനം സാമൂഹികസ്ഥിതിയിൽ തെല്ലും മാറ്റം വരുത്തുന്നില്ല എന്നാണ് അസന്നിഗ്ധമായി പ്രഖ്യാപിച്ചത്. ദലിത് ക്രൈസ്തവർക്ക് പട്ടികജാതി ആനുകൂല്യം നല്കേണ്ടത് സാമൂഹിക സന്തുലിതത്വത്തിന്റെ പുനഃസ്ഥാപനത്തിന് അനിവാര്യമാണെന്ന റിപ്പോർട്ടും മണ്ഡൽ കമ്മീഷൻ നല്കുകയുണ്ടായി. ക്രൈസ്തവ ദലിതരുടെ ജാതീയമായ അവസ്ഥകൾ സാധൂകരിക്കുന്നവയായിരുന്നു രംഗനാഥമിശ്ര കമ്മീഷന്റെ കണ്ടെത്തലുകളും. 2005 മാർച്ചിൽ നിയമിക്കപ്പെട്ട സച്ചാർ കമ്മിറ്റിയുടെ പഠനങ്ങളും ഇതേവഴിക്കു തന്നെയാണ് നീങ്ങിയത്.

ജാതീയതയെയും അസ്പൃശ്യതയെയും കുറിച്ചു പഠിക്കാൻ 1969-ൽ നിയോഗിക്കപ്പെട്ട പാർലമെന്ററി കമ്മിറ്റി നല്കിയ നിർദ്ദേശം ശ്രദ്ധേയമാണ്. ഹിന്ദുമതത്തിലെ പട്ടികവിഭാഗങ്ങൾക്കു നല്കുന്ന ആനൂകൂല്യങ്ങൾ എല്ലാ മതത്തിലും പെട്ട ദലിതർക്കു നല്കണമെന്നായിരുന്നു നിർദ്ദേശം. 1983-ൽ ന്യൂനപക്ഷങ്ങൾക്കായി പുറത്തിറക്കിയ റിപ്പോർട്ടിലും ഇതു തന്നെ ആവർത്തിക്കുന്നുണ്ട്. ഇങ്ങനെ നോക്കുമ്പോൾ കാലാകാലങ്ങളായി സർക്കാരുകൾ ഭരണഘടനാനുസൃതം നിയമിച്ച കമ്മീഷനുകൾ വിവിധ മന്ത്രാലയങ്ങളുടെ പഠനങ്ങൾ, കമ്മിറ്റി രേഖകൾ, വിവിധ സംസ്ഥാന കമ്മീഷനുകളുടെ നിർദ്ദേശം തുടങ്ങിയവയെല്ലാം ക്രൈസ്തവ ദലിതർ അനുഭവിക്കുന്ന അവകാശലംഘനവും മൗലികാവകാശ ധ്വംസനവും ഒരേ സ്വര

ത്തിൽ വിളിച്ചുപറയുന്നതായി കാണാം. ഇതെല്ലാം വ്യക്തമായി തിരിച്ചറിഞ്ഞിട്ടും പതിറ്റാണ്ടുകളായി നമ്മുടെ സർക്കാരുകൾ മൗനത്തിലാണ്.

കഴിഞ്ഞ 16 വർഷങ്ങളായി ദലിത് ക്രൈസ്തവരുടെ സംവരണനിഷേധത്തിനെതിരെ സുപ്രീംകോടതിയിൽ പോരാടുന്നയാളആണ് അഡ്വ. ഫ്രാങ്ക്‌ലിൻ സീസർ, 1950ലെ ഉത്തരവ് ഭരണഘടനാവിരുദ്ധമെന്നും അസാധുവെന്നും പ്രഖ്യാപിക്കണമെന്നാണ് അദ്ദേഹം ഉന്നയിക്കുന്ന പ്രധാനവാദം. ദലിത് ക്രൈസ്തവരുടെ സംവരണം പരിശോധിക്കാൻ ഏറ്റവുമൊടുവിൽ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ബാലകൃഷ്ണൻ കമ്മീഷന്റെ നിയമനം ചോദ്യം ചെയ്ത സുപ്രീംകോടതിയുടെ നിലപാട് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട ദലിതർ പ്രതീക്ഷയോടെയാണ് കാണുന്നത്. ഈ കമ്മീഷൻ നിലനിൽക്കേ, അവസാനവട്ട വാദങ്ങൾക്കായി സുപ്രീംകോടതി മുന്നോട്ടുവന്നതും അനുകൂല നടപടിയായി വിലയിരുത്താം. ഭരണഘടനയുടെ അടിസ്ഥാനതത്തത്വം നഗ്നമായി ലംഘിക്കുന്ന പൗരന്റെ മൗലികാവകാശം നിഷേധിക്കുന്ന മനുഷ്യത്വവിരുദ്ധമായ ഈ വിഷയത്തിൽ രാജ്യത്തെ പരമോന്നത കോടതി നീതിനടപ്പാക്കുമെന്ന പ്രതീക്ഷയാണ് ലക്ഷക്കണക്കിന് ദലിത് ക്രൈസ്തവർക്കുള്ളത്.

## പരേതരെ സ്മരിക്കാം – ജനുവരി

| | | |
|---|---|---|
| 06 | (1974) | ഫാ. ലൂയിസ് ഏഞ്ചൽ ഒ.സി.ഡി. |
| 06 | (1949) | ഫാ. ടാർസിസിയൂസ് ഒ.സി.ഡി. |
| 06 | (1961) | ഫാ. ബ്ലയ്സ് ഒ.സി.ഡി. |
| 06 | (2001) | ഫാ. ജോർജ് മനക്കിൽ |
| 09 | (1979) | ഫാ. മരിയാൻ ഒ.സി.ഡി. |
| 10 | (1982) | ബിഷപ് അംബ്രോസ് അബസോളോ ഒ.സി.ഡി. |
| 12 | (2008) | ഫാ. ജോസഫ് മണിമല |
| 17 | (1993) | ഫാ. ആന്റണി വാഴപ്പള്ളി |
| 18 | (1993) | ഫാ. പീറ്റർ തറയിൽ |
| 19 | (1945) | ഫാ. ജോസഫ് കണക്കശേരി |
| 19 | (1995) | ഫാ. മാത്യു പൊയ്യാത്തുരുത്തി |
| 21 | (2008) | ഫാ. ജെറോം മനക്കിൽ |
| 22 | (1952) | ഫാ. ജോൺ എമ്മാനുവൽ ഒ.സി.ഡി. |
| 23 | (1992) | ഫാ. കുര്യൻ പുത്തൻബംഗ്ലാവ് |
| 27 | (2022) | ഫാ. ഡോമിനിക് പെരുമ്പനാനി |
| 28 | (1989) | ഫാ. ജോർജ് കളത്തിൽ |

# കുട്ടികളേയും ദുർബലരായ മുതിർന്നവരേയും പരിരക്ഷിക്കേണ്ടതു സംബന്ധിച്ചുള്ള സഭാനിയമങ്ങൾ

"അജപാലനസംരക്ഷണം" കുട്ടികൾക്കും ദുർബ്ബല വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുന്ന ഒരു സംസ്ക്കാരം വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. അതുറപ്പാക്കാനായാൽ കുട്ടികളേയും വനിതകളേയും മറ്റും ചൂഷണം ചെയ്യുവാൻ അവസരമുണ്ടാകില്ല എന്നു മാത്രമല്ല അതിന് മുതിരുകയുമില്ല എന്നതാണ് വസ്തുത. അഭിഷിക്തരിൽ നിന്നും മുതിർന്നവരിൽ നിന്നും കുട്ടികളും മറ്റും നിശബ്ദമായി സഹിക്കേണ്ടിവരുന്ന ലൈംഗിക പീഢനവും മറ്റും സവിശേഷ ശ്രദ്ധയോടെ നമ്മൾ ശ്രവിക്കുകയും അതിന് പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ട കടമ നമുക്കുണ്ട്. അവരും അവരുടെ കുടുംബങ്ങളും അനുഭവിക്കുന്ന വേദന ദൈവജനത്തിന്റെ മുഴുവൻ വേദനയാണ് എന്ന് നാം തിരിച്ചറിയണം. ഈ ഉത്തരവാദിത്വം നിറവേറ്റുക എന്നത് എളുപ്പവുമല്ല ലഘുവുമല്ല. പക്ഷേ വേഗത്തിലും സുതാര്യമായും മാതൃകാപരമായും ഇതിന് പരിഹാരമുണ്ടാക്കുക തന്നെ വേണം. അതിലൂടെ പീഡനത്തിന് ഇരയായാവരോട് ആത്മാർത്ഥമായ ഐക്യദാർഢ്യം പുലർത്താൻ നമുക്കാവണം. ഇതിലൂടെ മാനവസമൂഹം മുഴുവൻ നേരിടുന്ന ഇത്തരം പീഡനങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിൽ നമ്മൾ പങ്കാളികളാവുകയാണ്.

(പോപ്പ് ഫ്രാൻസീസ് സെന്റ് ജോൺ മരിയവിയാനിയുടെ തിരുനാൾ ദിനത്തിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്)

## 1. അതിക്രമിക്കപ്പെട്ടവരോട് സഭയുടെ സമീപനം

ഏവരോടും പൊതുവേ ദുർബലരോട് ദയയും അനുകമ്പയുമുള്ള മനോഭാവമാണ് ക്രൈസ്തവ സഭയ്ക്കുള്ളത്. ശരീരം, മനസ്സ്, ആത്മാവ് എന്നീ മൂന്നു തലങ്ങളിലുമുള്ള ശ്രദ്ധയാണ് സഭ പഠിപ്പിക്കുന്നത്. വ്യക്തിയുടെ അന്തസ് നിലനിർത്തിക്കൊണ്ടുള്ള പൗരാവകാശ സംരക്ഷണം ലക്ഷ്യം വച്ചുള്ള സാമൂഹ്യാവബോധം ജാഗ്രതയുടെ തലത്തിൽ എത്തിക്കാൻ ഇടവക-രൂപത തലങ്ങളിൽ ബോധവൽക്കരണവും നടപടികളും ആവശ്യമാണ്. ഇതിൽ വൈദീകർ, സന്യസ്തർ, അൽമായ നേതൃത്വം എന്നിവർക്ക് നിസ്തൂലപങ്ക് വഹിക്കാനാകും.

കത്തോലിക്കാ സ്ഥാപനതല ശ്രദ്ധ പ്രധാനപ്പെട്ടതാണ്. 2017ലെ കണക്ക് പ്രകാരം 221392 കത്തോലിക്കാ സ്കൂളുകൾ, 10492 കത്തോലിക്ക നേഴ്സറികൾ, 9813 കത്തോലിക്ക ഓർഫണേജുകൾ, 15735 കത്തോലിക്ക് അഭയകേന്ദ്രങ്ങൾ, 31182 മറ്റ് സ്ഥാപനങ്ങൾ ഇത്തരം കേന്ദ്രങ്ങളിലുള്ളവരുടേയും മറ്റു സുരക്ഷയുടെ ധാർമ്മിര ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് ഏറെ മഹത്തരമാണ്.

**2. പ്രതിസന്ധിയുടെ എതിർസാക്ഷ്യം വഹിക്കലും പ്രായപൂർത്തിയാകാത്തവർക്കായി.**

18 വയസ്സിനു താഴെ പ്രായമുള്ളവർ പ്രായപൂർത്തിയാകാത്തവർ അഥവാ മൈനേഴ്സ് എന്ന വിഭാഗത്തിൽപ്പെടുന്നു. ആഗോളതലത്തിൽ എന്നതുപോലെ ഇവിടെയും മുതിർന്നവർ, ക്ലർജി എന്നിവരിൽ നിന്നും ലൈംഗീക അതിക്രമം ഉൾപ്പെടെയുള്ള പീഡനങ്ങൾ മൈനർ വിഭാഗത്തിലുള്ളവർ അനുഭവിക്കേണ്ടിവരുന്നത് ആപത്കരമാണ്. എല്ലാ കത്തോലിക്കാ സ്ഥാപനങ്ങളിലും സംവിധാനങ്ങളിലും ബാലസംരക്ഷണ നയം രൂപീകരിച്ച് നടപ്പിലാക്കാൻ കഴിയണം. കേസുകൾ സഭാതലത്തിൽ രജിസ്റ്റർ അഥവാ രേഖപ്പെടുത്തുകയും അവധാനതയോടെ മാതൃകാപരമായ നടപടികൾ എടുക്കുകയും ചെയ്യണം.

**3. അപവാദപ്രചാരണത്തിലൂടെയും അസഭ്യങ്ങളിലൂടെയും മൈനർമാരെ പീഡിപ്പിക്കൽ**

സാധാരണ വ്യക്തിയോ ക്ലറിക്കോ ബ്രിഷപ്പ്, വൈദീകർ, ഡീക്കന്മാർ സന്യസ്തർ പ്രായപൂർത്തിയാകാത്തവരെ ലൈംഗീകമായോ അപവാദങ്ങളിലൂടെയോ പീഡിപ്പിക്കുന്നുവെങ്കിൽ അത് സഭാഹൃദയത്തിനേൽക്കുന്ന ആഴത്തിലുള്ള മുറിവായിരിക്കും. അത് വിശ്വാസവഴിയിൽ വലിയ തടസ്സമായും ഭവിക്കും. കൂടാതെ സഭാ സംവിഘാനങ്ങളിലുള്ള വിശ്വാസ്യത നശിക്കും.

**4. സഭയുടെ ഉത്തരവാദിത്വങ്ങൾ**

സക്രമെന്റോറാം സാൻക്റ്റിറ്റേഷ്യസ് തുത്തുലെ 2010

സഭ കലാകാലങ്ങളിൽ ഇതു സംബന്ധിച്ച് വ്യക്തമായ നയവും ശക്തമായ നടപടികളും ശുപാർശ ചെയ്യുന്നുണ്ട്. ഒപ്പം സഭാപരമായ ശിക്ഷാരീതികളും അനുവർത്തിക്കുന്നുണ്ട്. പരിഷ്കരിച്ച നയരേഖയിൽ ചില നടപടികൾ എടുത്തുപറയുന്നുണ്ട്.

**5. പെരുമാറ്റചട്ടം**

പീഡനത്തിനിരയായവരെക്കുറിച്ചും പീഡിപ്പിച്ചവരെക്കുറിച്ചും അന്വേഷിക്കുന്നവർ നന്നായി പഠിച്ചിരിക്കണം. കുറ്റം തെളിയിക്കപ്പെട്ടുകഴിഞ്ഞാൽ എല്ലാ സഭാ സേവനങ്ങളിൽ നിന്നും ഒഴിവാക്കപ്പെടണം. കൗൺസിലിംഗ് രണ്ടു വിഭാഗകാർക്കും നൽകണം. പെരുമാറ്റച്ചട്ടം പാലിക്കാമെന്ന് സഭാ അധികാരികൾ സത്യവാങ്മൂലം ഒപ്പുവയ്ക്കണം.

**6. പരിഹാരസമിതിയും നടപടിക്രമങ്ങളും**

പരാതിപരിഹാര സമിതിയും നടത്തിപ്പും സുതാര്യവും നീതിപൂർവ്വകവും മാതൃകാപരവുമാകണം. ഒരു നിരപരാധിയും ശിക്ഷിക്കപ്പെടരുത്. ഏതൊരു വ്യക്തിക്കും സിവിൽ അധികൃതർക്ക് പരാതികൊടുക്കാൻ സ്വാതന്ത്ര്യമുണ്ട്. അതിന് പ്പചാരണവും കൊടുക്കണം.

### 7. പീഢനങ്ങൾക്ക് ഇരയായവരോടുള്ള കരുതലും സാന്ത്വനാശ്വാസങ്ങളും

അജപാലനപരമായതും ആത്മീയമായതുമായ പിൻചൊല്ലൽ ഇരകളോടുണ്ടാവേണ്ടത് നമ്മുടെ കടമയാണ്. ഇരയേയും കുടുംബത്തേയും ആശ്വസിപ്പിക്കൽ അവർ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തെ കണക്കിലെടുക്കൽ ആശ്വസിപ്പിക്കൽ, കുറ്റം ചെയ്തതയാളെ ആശ്വസിപ്പിക്കൽ, തിരുത്തൽ ആയാളുടെ കുടുംബത്തെ ആശ്വസിപ്പിക്കൽ.

### അനിവാര്യമായും പാലിക്കേണ്ട അനുബന്ധ വസ്തുതകൾ

രൂപതാതല ശിശുസംരക്ഷണനയം രൂപപ്പെടുത്തൽ. സമിതി രൂപീകരണം.

എല്ലാ രണ്ടു വർഷത്തിലും ഇതു സംബന്ധിച്ച് ഓഡിറ്റ്

ആഭ്യന്തര പരാതിപരിഹാര സെൽ രൂപീകരണം

നവംബർ 20-ാം തീയതി ശിശുഅവകാശ ദിനാചരണം

സെമിനാരി സിലബസിൽ ഇത് ഉൾപ്പെടുത്തൽ

## മുംബെയിൽ വച്ച് നടന്ന ദേശീയസിമ്പോസിയം അംഗീകരിച്ച അന്തിമരേഖയിൽ വ്യക്തമാക്കുന്ന കാര്യങ്ങൾ.

1. ദേശീയ തലത്തിൽ സഭയ്ക്ക് ബാലസംരക്ഷണനയം ഉണ്ടാവണം അത് കാലാകാലങ്ങളിൽ പരിഷ്ക്കരിക്കപ്പെടണം.
2. എല്ലാ രൂപതകളിലും ബാലസംരക്ഷണനയവും അത് നടപ്പിലാക്കാനും നിരീക്ഷിക്കാനും ഉറപ്പുവരുത്താനും സമിതി ഉണ്ടാവണം.
3. ബന്ധപ്പെട്ട മേഖലയിലെ സിവിൽ നിയമങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുകയും അതിനനുസൃതമായി സഭയുടെ ബാലാവകാശ സംരക്ഷണനയം പരിഷ്ക്കരിക്കുകയും വേണം.
4. പീഢനത്തിന് ഇരയാകുന്നവർക്കും കുടുംബത്തിനും സഭാപരമായ ശ്രദ്ധയും പിൻചെല്ലലും ആത്മവിശ്വാസം ജനിപ്പിക്കലുമുണ്ടാവണം.
5. രൂപതകളിലെന്നതുപോലെ ഈ പ്രവർത്തനങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും വ്യാപിപ്പിക്കണം.
6. സിവിൽ നിയമമനുസരിച്ചുള്ള പ്രക്രിയയാണ് ഇരയും കുടുംബവും അഭിലഷിക്കുന്ന തെങ്കിൽ അതിന് തടസ്സം നിൽക്കാൻ പാടില്ല.
7. സഭാപരമായ അന്വേഷണങ്ങൾ നടത്താനും അപഗ്രഥിക്കാനും കുറ്റം ചെയ്തിട്ട ണ്ടെന്ന് തെളിഞ്ഞാൽ സഭാസംവിധാനങ്ങൾ. സംഘടനാ ചുമതല, സ്ഥാപനചുമതല എന്നിവയിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്യാൻ സഭ തയ്യാറാകണം.
8. ഇരയുടെ ഭവനം സന്ദർശിച്ച് ആശ്വസിപ്പിക്കാനും കുടുംബാംഗങ്ങൾക്ക് പ്രത്യാശ നൽകും വിധം ഇടപെടാനും സംവിധാനങ്ങൾക്കാകണം.

9. ഇരയ്ക്ക് മതിയായ ആശ്വാസം. പരിഗണന, നഷ്ടപരിഹാരം എന്നിവ നൽക സഭാസമിതിക്ക് കഴിയണം.
10. ഒരിക്കൽ കുറ്റം തെളിഞ്ഞ് ശിക്ഷിക്കപ്പെട്ടയാളെ അതേ മേഖലയിൽ തുടർന്ന് ശു ഷിക്കാൻ അനുവദിക്കരുത്.
11. ഇത്തരം കാര്യങ്ങളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കപ്പെടണം.
12 കുറ്റം ചെയ്തയാളെയും കൗൺസിലിംഗിന് വിധേയമാക്കണം.
13. രൂപതയുടെ ബാലാവകാശനയം അനുസരിച്ച് പ്രവർത്തിക്കാമെന്ന് ഈ മേഖലയിൽ. സ്ഥാപനങ്ങളിൽ സേവനത്തിന് നിയുക്തരാകുന്നവർ സ്ഥാനം ഏറ്റെടുക്കുന്നതിന് മുൻപ് പ്രതിജ്ഞ ചെയ്യുകയും സത്യവാങ്മൂലത്തിൽ ഒപ്പുവയ്ക്കുകയും വേണം
14. ഇതുസംബന്ധിച്ച് രൂപത, ഇടവക തലത്തിൽ ബോധവൽക്കരണ സദസ്സുകൾ നടത്തണം.
15 സഭാസംവിധാനങ്ങളുടെ സഹകരണത്തോടെ നഷ്ടപരിഹാരം തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കണം.
16. രൂപതകളിലെ കുട്ടികളുടെ കമ്മീഷന്റെ നേതൃത്വത്തിൽ ഇടവക സ്ഥാപന തലങ്ങളിൽ ധാർമ്മിക വിദ്യാഭ്യാസം. ഡിജിറ്റർ മാന്യത, പോക്സോ എന്നീ വിഷയങ്ങളിൽ കുട്ടി കൾ. രക്ഷിതാക്കൾ. സഭാസംവിധാനങ്ങൾ എന്നിവർക്ക് ബോധവൽക്കരണം. കൗൺസി ലിംഗ് എന്നിവ നൽകണം.

## പോക്സോ ആക്റ്റും അതിന്റെ പ്രാധാന്യവും

(ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള
കുട്ടികളുടെ സംരക്ഷണ നിയമം 2012)

### പോക്സോ നിയമത്തിന്റെ ആവശ്യകത

ലോകത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യമാണ് ഭാരതം.അതിൽ 472 ദശലക്ഷം പേർ 18 വയസ്സിന് താഴെ കുട്ടികൾ എന്ന വിഭാഗത്തിൽപ്പെടുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം അവർക്ക് സംരക്ഷണം നൽകുക എന്നത് രാജ്യത്തിന്റെ കർത്തവ്യമാണ്. അതിനാലാണ് കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കാ നായി ഒരു സമഗ്ര നിയമം എന്ന് നിലയിൽ പോക്സോ ആക്റ്റ് നിലവിൽ വന്നത്:

### പോക്സോ ആക്റ്റ് പൊതു തത്വങ്ങൾ

12 പ്രധാന തത്വങ്ങളിൽ അധിഷ്ഠിതമാണ് ഈ നിയമം. അത് രാജ്യത്താകമാനം ബാധകമാണ്.

1. ജീവിക്കാനും നിലനിൽക്കാനുമുള്ള അവകാശം കുട്ടികളെ ശാരീരിക. മാനസിക. വൈകാരിക ആഘാതങ്ങളിൽ നിന്നും ഒഴിവാക്കലുകളിൽ നിന്നും സംരക്ഷിക്കണം.
2. കുട്ടികളുടെ മികച്ച ഉന്നമനത്തിനനുസൃതം.

3. അന്തസോടും അനുകമ്പയോടും കൂടി പരിഗണിക്കപ്പെടേണ്ട അവകാശം.
4. വിവേചനങ്ങളിൽ നിന്ന് സംരക്ഷണം ലഭിക്കേണ്ട അവകാശം.
5. പ്രത്യേക പ്രതിരോധ നടപടികൾക്കുള്ള അവകാശം..
6. അറിയാനുള്ള അവകാശം.
7. കേൾക്കപ്പെടാനുള്ളതും അഭിപ്രായപ്രകടനത്തിനും ഉത്കണ്ഠ രേഖപ്പെടുത്താനുമുള്ള അവകാശം
8. കാര്യക്ഷമമായ സഹായം ലഭിക്കാനുള്ള അവകാശം.
9 സ്വകാര്യതയും തിരിച്ചറിയലും പരസ്യം ചെയ്യലിൽ നിന്നും സംരക്ഷണം ലഭിക്ക അവകാശം.
10. നീതിനിർവ്വഹണ പ്രക്രിയയ്ക്കിടെ പ്രതിസന്ധികൾ ലഘൂകരിച്ച് കിട്ടാനുള്ള അ
11. സുരക്ഷിതത്വത്തിനുള്ള അവകാശം.
12 നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം.

### 2012 നവംബർ 12 ൽ പാസാക്കിയ പോക്സോ നിയമപ്രകാരമുള്ള കുറ്റങ്ങൾ.

ലൈംഗിക പീഡനം. ലൈംഗിക തേജോവധം. ചിത്രം വീഡിയോ ആംഗ്യം വാക്കുകൾ വഴി ലൈംഗിക അശ്ലീലപ്രചരണം തുടങ്ങിയവ പ്രധാനമായും കുറ്റങ്ങളായി കരുതുന്നു. ഇവ ബാലസൗഹൃദനിയമങ്ങളാണ്. അതിവേഗ അന്വേഷണം. വിചാരണ ശിക്ഷിക്കൽ എന്നിവ ഈ നിയമം ഉറപ്പുവരുത്തുന്നു. കുട്ടികളുടെ പെനെയിൽ യോനി സ്പർശനം, അസഭ്യം പറച്ചിൽ, അസഭ്യം കാട്ടൽ എന്നിവയും കുറ്റങ്ങളിൽപ്പെടുന്നു.

കുട്ടിയുടെ ഏതെങ്കിലും ശരീരഭാഗത്ത് അശ്ലീലതാല്പര്യത്തോടുള്ള സ്പർശനം. അമർത്തൽ. നിർബന്ധിച്ച് ചെയ്യിക്കൽ.

ലൈംഗിക അതിക്രമം

ലൈംഗിക പീഢനം.

ബാല അശ്ലീലം പ്രചരിപ്പിക്കൽ, കാണിക്കൽ, അവതരിപ്പിക്കൽ.

### ശിശുസൗഹൃദ നടപടിക്രമങ്ങൾ

കുട്ടികൾക്ക് ആയാസരഹിതമായി വിചാരണനടപടി. അന്വേഷണ നടപടി. അപേക്ഷസമർപ്പണം എന്നിവയിൽ പങ്കെടുക്കാൻ പറ്റുന്ന വിധം നിയമം പരിഷ്ക്കരിച്ചിട്ടു ണ്ട്. ഇരയായവർക്ക് ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ ഒന്നും ഉണ്ടാകാത്തവിധം അവ നടപ്പിലാക്കണം. ഇപ്പോഴത്തെ വയസ്സ് ഒരു പരാതികൊടുക്കുന്നതിന് തടസ്സമല്ല.

### ശിശുക്ഷേമസമിതി/കമ്മറ്റി

2015ലെ ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം ലൈംഗികപീഢനത്തിന് ഇരയായ കുട്ടിയെ 'പ്രത്യേക പരിഗണനയ്ക്കും ശ്രദ്ധയ്ക്കും അർഹതയുള്ള കുട്ടി' എന്നാണ് വിശേഷിപ്പിക്കുന്നത്. അതുകൊണ്ട് പരാതി ലഭിച്ചാലുടൻ പോലീസ് ഇത് ഇണഇ യെ 24 മണിക്കൂറിനകം അറിയിക്ക

ണം. CWC കുട്ടിക്ക് മാനസികധൈര്യം പകരാനായി ഒരു സപ്പോർട്ട് പേഴ്സണെ നിയമിക്കാം. 1098 എന്ന നമ്പറിലൂടെയും കേസുകൾ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

### നിർബന്ധമായുള്ള റിപ്പോർട്ടിംഗ്

ഈ നിയമപ്രകാരം കുട്ടികൾക്കെതിരായ എല്ലാ ലൈംഗിക കുറ്റങ്ങളും റിപ്പോർട്ട് ചെയ്യപ്പെടേണ്ടതാണ്. ഏതെങ്കിലും വ്യക്തി ഇത് റിപ്പോർട്ട് ചെയ്യാതിരിക്കുകയോ റിപ്പോർട്ട് ചെയ്യുന്നത് താമസിപ്പിക്കുകയോ ചെയ്താൽ ആറുമാസത്തെ തടവും പിഴയും ലഭിക്കുന്നതാണ്.

### നിയമസഹായം

ഈ നിയമത്തിലെ സെക്ഷൻ 40 പീഢനത്തിനിരയായവർക്ക് മതിയായ നിയമസഹായം നൽകാൻ അവസരമൊരുക്കുന്നു. 2019ൽ പോക്സോ നിയമം ഭേദഗതിപ്രകാരം 16 വയസ്സിന് തദാഴെയാണ് ഇരയെങ്കിൽ കുറ്റവാളിക്ക് 7 മുതൽ 20 വർഷം വരെയോ ജീവപര്യന്തം തടവോ വിധിക്കാവുന്നതാണ്.

---

# പ്രതീക്ഷയുണർത്തിയ ഹെറിറ്റേജ് സെമിനാർ

**ജസ്റ്റിൻ ബ്രൂസ്**



*കെ.ആർ.എൽ.സി.സി. ഹെറിറ്റേജ് കമ്മീഷന്റെ നേതൃത്വത്തിൽ ആലുവയിൽ നടന്ന സെമിനാർ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്യുന്നു.*

കേരളത്തിലെ ലത്തീൻ (റോമൻ) സഭയുടെ വികാസ പരിണാമങ്ങളെയും പുതുകാല സ്വപ്നങ്ങളെയും കുറിച്ച് സംസാരിക്കാനും സംവദിക്കാനും ആയി ആലുവ കാർമൽ ഗിരി സെമിനാരിയിൽ ചേർന്ന സഭാ ല സ്നേഹികളുടെ ഒത്തുചേരൽ അവിസ്മരണീയ അനുഭവമായി.

കെ ആർ എൽ സി ബി സി ഹെറിറ്റേജ് കമ്മീഷൻ, കേരള ലാറ്റിൻ കാത്തലിക് ഹിസ്റ്ററി അസോസിയേഷൻ, ജോൺ ഓച്ചന്തുരുത്ത് മെമ്മോറിയൽ അക്കാദമി ഓഫ് ഹിസ്റ്ററി എന്നിവയുടെ സംയുക്ത ആഭിമുഖ്യ

ത്തിൽ സെമിനാരി ആഡിറ്റോറിയത്തിൽ ഡിസംബർ രണ്ടിന് ചേർന്ന ഏകദിന സെമിനാർ കെ ആർ എൽ സി സി ഹെറിറ്റേജ് കമ്മീഷൻ ചെയർമാനും കണ്ണൂർ രൂപത അധ്യക്ഷനുമായ റവ. ഡോ. അലക്സ് വടക്കുംതല പിതാവ് ഉദ്ഘാടനം ചെയ്തു. കേരള കത്തോലിക്ക സഭയുടെ പ്രകാശമാനമായ ചരിത്രം രേഖപ്പെടുത്തപ്പെട്ടപ്പോൾ കടന്നുകൂടിയ അസത്യങ്ങളും അർത്ഥ സത്യങ്ങളും അനാരോഗ്യ പ്രവണതകളും തിരുത്തപ്പെടുകയും യഥാർത്ഥ സത്യം വെളിപ്പെടുകയും ചെയ്യുന്നതിന് സഭാ സ്നേഹികൾ ഇത്തരം സെമിനാറുകളെ പ്രയോജനപ്പെടുത്തണമെന്ന് പിതാവ് ഓർമിപ്പിച്ചു.

മതബോധനത്തോടൊപ്പം സഭാ ചരിത്രത്തെയും സ്വന്തം ഇടവകയുടെ ചരിത്രത്തെയും സംബന്ധിച്ച അറിവ് കുട്ടികൾക്ക് പകർന്നു കൊടുക്കുക, ഓരോ ഇടവകയുടെയും തനത് ചരിത്രരേഖകൾ ശേഖരിച്ച് സൂക്ഷിക്കുക, എല്ലാ രൂപതകളിലും ഗ്രന്ഥ ശേഖരവും രൂപതയുമായി ബന്ധപ്പെട്ട ചരിത്രരേഖകളും പൗരാണിക വസ്തുക്കളും സമാഹരിച്ച് സംരക്ഷിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുക തുടങ്ങി ക്രിയാത്മകമായ പല നിർദ്ദേശങ്ങളും സെമിനാറിൽ പ്രതിനിധികൾ മുന്നോട്ടുവെച്ചു. ഇതിനോടകം വിവിധ രൂപതകളിൽ ഹെറിറ്റേജ് കമ്മീഷനുമായി ബന്ധപ്പെട്ടു നടന്ന പ്രവർത്തനങ്ങൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ആൻറണി പാട്ട പറമ്പിൽ ആമുഖ പ്രസംഗത്തോടൊപ്പം രേഖയായി അവതരിപ്പിച്ചു. സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ത്വരിത നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന്, ആധികാരിക ചരിത്ര ശേഖരണം, ഡിജിറ്റൽ വെബ്സൈറ്റ് പരിപാലനം, രേഖകളുടെ പരിഭാഷ, എഴുത്തുകാരുടെ കൂട്ടായ്മ, പുസ്തക വിതരണം, വിഭവ സമാഹരണം എന്നിവയ്ക്കായി 6 സമിതികളും രൂപീകരിച്ചു. വിവിധ രൂപതകളിൽ നിന്നായി 50 പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു. കെ എൽ സി ഹിസ്റ്ററി അസോസിയേഷൻ പ്രസിഡൻറ് ഡോ. ചാൾസ് ഡയസ് എക്സ് എംപി, കെ ആർ എൽ സി സി സെക്രട്ടറി ജനറൽ ഫാ. തോമസ് തറയിൽ, റവ. ഡോ. ജിജു അറക്കത്തറ, ഫാ. റോക്കി കളത്തിൽ, മാത്തച്ചൻ അറക്കൽ, ഡോ. ഗ്രിഗറി പോൾ, ആൻറണി പുത്തൂർ, ജസ്റ്റിൻ ബ്രൂസ്, അനു വിൻസൻറ്, സിസ്റ്റർ മേരി അന്റോണിയോ, ഫാ. മാത്യു പുതിയാത്ത്, ഫാ. ആൻറണി അറക്കൽ, ഡോ. സൈമൺ കൂമ്പയിൽ, ആൻറണി ചടയം മുറി, ജോസഫ് മാനിഷാദ്, ജോർജ് എഡിസൺ, ജോബി തോമസ്, ജയ്സൺ ആദിപള്ളി എന്നിവർ ചർച്ചയിൽ പങ്കെടുത്തു. നമ്മുടെ രൂപതാംഗവും സഭാ ചരിത്ര പണ്ഡിതനുമായ റവ. ഡോ. ആൻറണി പാട്ടപ്പറമ്പി ലിന്റെ സംഘാടന മികവും സർഗ്ഗ വിന്യാസവും സെമിനാറിന്റെ വിജയത്തിൽ നിർണായക പങ്കു വഹിച്ചു. ചരിത്രാന്വേഷണ ത്വരയും സഭാചരിത്രാഭിമാനവും സമുദായ അംഗങ്ങളിൽ ഉണർത്തിവിട്ട പ്രതീക്ഷകൾ സെമിനാറിൽ പങ്കെടുത്ത ഓരോ അംഗത്തെയും കർമ്മനിരതരാക്കുക തന്നെ ചെയ്യും.

# ജൂബിലി 2025 ലോഗോയുടെ അനാവരണം

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കത്തോലിക്ക സഭയുടെ പതിനാറാമത് ജനറൽ അസംബ്ലിയായ സിനഡാത്മക സഭയുടെ ആദ്യ സമ്മേളനം കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നിവയെ പരിചിന്തനം നടത്തി പൂർത്തിയാക്കിയിരിക്കുകയാണല്ലോ.

സഭയുടെ സിനഡൽ യാത്രയെ സമന്വയിപ്പിച്ച്, പരിശുദ്ധ പിതാവിന്റെ ക്ഷണത്തോട് പ്രത്യുത്തരിച്ചുകൊണ്ട്, ഭാരതസഭയോട് ചേർന്ന് വിജയപുരം രൂപത 2025 സാധാരണ ജൂബിലിയുടെ ഒരുക്കങ്ങൾക്ക് ഇന്ന് തുടക്കം കുറിക്കുന്നു.

2025ലെ സാധാരണ ജൂബിലി ആഘോഷങ്ങളുടെ മുദ്രാവാക്യം പ്രത്യാശയുടെ തീർത്ഥാടകർ * എന്നതാണ്. മഹാമാരിയും യുദ്ധങ്ങളും സൃഷ്ടിച്ച അനശ്ചിതത്വത്തിന്റെയും മറ്റ് അനേക പ്രയാസങ്ങളുടെയും മധ്യേ ക്രിസ്തീയ ജീവിത പ്രത്യാശയുടെ പ്രാധാന്യത്തിനു ഫ്രാൻസിസ് പാപ്പാ അടിവരയിടുന്നു. പഠിക്കുക പ്രാർത്ഥിക്കുക, മുന്നേറുക ഈ മൂന്ന് വാക്കുകളാണ് നാം ഇന്ന് ഓർത്തിരിക്കേ ത് ഇന്നു ആരംഭംകുറിക്കുന്ന ഈ ഒരുക്ക വർഷത്തിൽ (2023-2024) ലോകമാസകലമുള്ള മനുഷ്യർക്കുവേണ്ടി സഭയോടു ചേർന്നു പ്രാർത്ഥിച്ചുകൊണ്ട് രണ്ടാം വത്തി ക്കാൻ കൗൺസിലിന്റെ നാലു അടിസ്ഥാനപ്രമാണങ്ങൾ (ബൈബിൾ, ആരാധന, സഭ, ലോകം) പഠിക്കുകയും വേണം. കൂടാതെ 2025ൽ റോമിലെ നാലു ബസലിക്കകളിൽ തീർത്ഥാടനം നടത്തി ജൂബിലി കവാടത്തിലൂടെ പ്രവേശിക്കാവുന്നതുമാണ്.

ഇന്ന് അനാവരണം ചെയ്യുന്ന 2025ലെ ജൂബിലി ലോഗോയിൽ നാലു നിറങ്ങളി ലുള്ള രൂപങ്ങൾ ലോകത്തിന്റെ നാലു അതിരുകളിൽ നിന്നുമുള്ള മുഴുവൻ മനുഷ്യ കുലത്തേയും സൂചിപ്പിക്കുന്നു. അവർ സാഹോദര്യവും ഐക്യദാർഢ്യവും പങ്കു വച്ച് പരസ്പരം ചേർന്നുനിൽക്കുന്നു. കുരിശിനെചേർത്തുപിടിച്ചു നിൽക്കുന്ന രൂപം നമുക്ക് പ്രത്യാശ പകരുന്നു. രൂപങ്ങൾക്ക് താഴെയുള്ള പ്രക്ഷുബ്ദമായ തിരമാലകൾ ഇന്നു ലോകം നേരിടുന്ന പ്രശ്നങ്ങളേയും പ്രതിസന്ധികളേയും പ്രതിനി ധാനം ചെയ്യുന്നു. കുരിശിന്റെ കീഴ്ഭാഗം നീളത്തിലായി ഒരു നങ്കൂരമായി മാറിയത് പ്രത്യാശയെ പ്രതിബിംബിക്കുന്നു ഈ ചിത്രം പ്രതിനിധാനം ചെയ്യുന്നത് തീർത്ഥാടക യാത്ര വ്യക്തികളുടേതല്ല മറിച്ച് ഒരു കൂട്ടായ്മയുടെ ഉദ്യമമായാണ്. ലോഗോയുടെ അടിഭാഗത്തായി ജൂബിലി വർഷം 2025 ന്റെ മുദ്രാവാക്യം, പ്രത്യാശയുടെ തീർത്ഥാടകർ എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ഓരോരുത്തർക്കുമായും സഭയ്ക്കുവേണ്ടിയും ദൈവതിരുമുമ്പിലുള്ള ആഘോഷമാണ് ജൂബിലി 2025. കോവിഡനന്തര ലോകത്തിനു പ്രത്യാശ വേണം. പ്രത്യാശയുടെ തീർത്ഥാടകരായ നമുക്ക് പൊതു സമൂഹത്തിലും രൂപതയിലും ഇട വകകളിലും, തൊഴിലിടങ്ങളിലും കുടുംബങ്ങളിലും പ്രത്യാശയുടെ തീനാളം തെളിക്കാം. വിമലഗിരിമാതാവ് പ്രത്യാശയുടെ കിരണം പതിപ്പിച്ച് സേവനപാതയിൽ മുന്നേറാൻ നമ്മെ പ്രചോദിപ്പിക്കുമാറാകട്ടെ. അഭിവന്ദ്യ പിതാവ് 2025 സാധാരണ ജൂബിലി ആഘോഷങ്ങളുടെ ലോഗോ അനാച്ഛാദനം നിർവഹിക്കുന്നു.

# സഫലമീ ജീവിതം

**പു**തുവർഷത്തിന്റെ പടിവാതിൽക്കൽ നിന്ന് ഒരു മനുഷ്യൻ പറഞ്ഞു ' എനിക്ക് ഒരു വിളക്ക് തന്നാലും. അപ്പോൾ ആരോ ഒരാൾ പ്രതിവചിച്ചു : ദൈവത്തിന്റെ കരങ്ങളിൽ താങ്കളുടെ കരങ്ങൾ അർപ്പിച്ചുകൊണ്ട് അന്ധകാരത്തിലേക്ക് കടന്ന് ചെല്ലുക. വെളിച്ചത്തേക്കാൾ നല്ലതും, സുപരിചിതമായ വഴിയേക്കാൾ സുരക്ഷിതവും ആയിരിക്കും അത്. ഉചിതമായത് അതുമാത്രമാണ്. '(Minnie Louise Haskins)

ചില ഹൃദയങ്ങളിൽ സങ്കടങ്ങളുടെയും, സഹനങ്ങളുടെയും നൊമ്പരപ്പാടുകൾ അവശേഷിപ്പിച്ചും, ചില ഹൃദയങ്ങളിൽ സന്തോഷത്തിന്റെയും കൃതജ്ഞതയുടെയും നല്ല സ്മരണകളേകിയും 2023 വിട പറയുന്നു. ഒത്തിരി പ്രതീക്ഷയോടും നല്ല തീരുമാനങ്ങളോടും ആരംഭിച്ച പോയ വർഷം പടിയിറങ്ങുമ്പോൾ ജീവിതത്തിൽ പലതും പൂർത്തിയാക്കാതെയും പൂർണമാകാതെയും അവശേഷിക്കുന്നു. എങ്കിലും ഒരിക്കൽ കൂടി എല്ലാം ആരംഭിക്കാൻ ഒരവസരം കൂടെ നൽകപ്പെടുന്നു എന്നതാണ് പുതുവർഷ പുലരിയിൽ നമുക്കുള്ള സവിശേഷം. അജ്ഞത മൂലം ആലയിൽ നിന്ന് അകന്നുപോയ ആടുകളെ കണ്ടെത്തി മാറോട് ചേർക്കാൻ, അശ്രദ്ധമൂലം നഷ്ടപ്പെടുത്തിയ കൃപയുടെ താലന്തുകളെ വീണ്ടും തിരയുവാൻ തിരികെ പിടിക്കാൻ, അഹന്ത മൂലം പ്രിയപ്പെട്ടവരുടെ സ്നേഹ വലയങ്ങൾ ഭേദിച്ച് പുറത്തേക്ക്, അകലങ്ങളിലേക്ക് പോയവർക്ക് തിരികെ വരാനും, പ്രിയപ്പെട്ടവർക്ക് മുൻവിധികളില്ലാതെ അവരെ തിരികെ സ്വീകരിക്കുവാനുംഒരു അവസരം കൂടി നൽകപ്പെട്ടിരിക്കുന്നു.

ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽ ഏറെ പരിപാലന ലഭിച്ചിട്ടും ഫലം പു റപ്പെടുവിക്കാതെ നിലം പാഴാക്കി നിൽക്കുന്ന ഒരു അത്തിമരത്തെയും, അത്തിമരത്തിനു വേണ്ടി യജമാനനോട് യാചിക്കുന്ന കൃഷിക്കാരനെയും നാം കാണുന്നുണ്ട്. ' യജമാനനെ ഒരു വർഷം കൂടി, ഒരു അവസരം കൂടി നമുക്ക് അതിനു നൽകാം. ഞാൻ വീണ്ടും അതിന്റെ ചുവട് കിളയ്ക്കാം, വളമിടാം. ഈ വർഷം അത് ഫലം നൽകിയേക്കും. പ്രതീക്ഷയോടെ കാത്തിരിക്കുന്നതിൽ ഒരിക്കലും മടുപ്പില്ലാത്ത നിത്യനായ ആ കൃഷിക്കാരന്റെ കരുണയാൽ ഒരുവർഷം കൂടെ എനിക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്നത് പോലെ പൂ ചൂടുവാനും, ഫലമണിയുവാനും ഞാൻ ആകുന്ന അത്തിക്ക് ഇനിയെങ്കിലും സാധിച്ചിരുന്നെങ്കിൽ....

കാലമിനിയുംഉരുളും
വിഷു വരും വർഷം വരും...
പിന്നെയോരോ തളിരിനും
പൂ വരും കായ് വരും

അപ്പോഴാരെന്നും
എന്തെന്നും ആർക്കറിയാം...
നമുക്കിപ്പോഴിയാർദ്രതയെ
ശാന്തരായി സൗമ്യരായി എതിരേല്ക്കാം..

(എൻ.എൻ. കക്കാട് : സഫലമീയാത്ര)

ലോകം ഇതുവരെ രുചിച്ചിട്ടുള്ളതിൽ ഏറ്റവും സ്വാദിഷ്ടവും സമ്പുഷ്ടവുമായ ഒരു ഫലത്തെയും, ആ ഫലം പുറപ്പെടുവിച്ച് ലോകത്തിനു നൽകിയ വൃക്ഷത്തെയും അനുസ്മരിക്കുന്ന അവസരം കൂടിയാണ് പുതുവർഷ പുലരി. 'നിന്റെ ഉദരഫലം അനുഗ്രഹീതം' എന്ന് കാലാകാലങ്ങളായി ലോകം പാടിക്കൊണ്ടിരിക്കുന്നത് ആരെ പറ്റിയാണോ, ആ കന്യകയെ പരിശുദ്ധ ദൈവമാതാവിനെ അനുസ്മരിച്ചു കൊണ്ടാണ് ഓരോ പുതുവത്സരത്തെയും തിരുസഭ സ്വാഗതം ചെയ്യുന്നത്. ദൈവവചനം തന്റെ ഹൃദയത്തിലും ഉദരത്തിലും സ്വീകരിച്ച മറിയം ആ വചനത്തെ മാംസം ധരിപ്പിച്ച് ഏറ്റവും അനുഗ്രഹീതഫലമായ യേശുക്രിസ്തുവായി ലോകത്തിന് നൽകി. കുരിശിൻ ചുവട്ടിൽ വെച്ച് ദൈവമാതാവിന്റെ മക്കളായി തീർന്ന നാം ആ അമ്മയെപ്പോലെ പരിശുദ്ധാത്മാവി ന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന വരും, അവ ലോകത്തിനു നൽകുന്നവരും ആകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. 'മറിയത്തിന്റെ മാതൃമുഖത്തുള്ള സഭയുടെ മാതൃമുഖത്തുള്ള നമ്മുടെ അമ്മമാരുടെ മുഖങ്ങളിലുള്ള ദൈവത്തിന്റെ നന്മയെ അനുസ്മരിച്ചുകൊണ്ട് നമുക്ക് ഈ പുതുവർഷം ആരംഭിക്കാം.' ( POPE FRANCIS: L' OSSERVTORE ROMANO)

---




## ജന്മദിനാശംസകൾ

**ജനുവരി**

| | |
|---|---|
| 01 | ഫാ. തോമസ് വല്ലത്തുംചിറ |
| 07 | ഫാ. ജോസഫ് നെടുനിലത്ത് |
| 09 | ഫാ. ഗ്രിഗറി കൂട്ടുമ്മേൽ |
| 12 | ഫാ. അലക്സ് കൊച്ചാട്ട് |
| 12 | ഫാ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ |
| 13 | ഫാ. വർഗീസ് പുതുശേരിയിൽ |
| 15 | ഫാ. തോമസ് തൈപ്പറമ്പിൽ |
| 25 | ഫാ. സുരേഷ് എ. |
| 26 | ഫാ. സെബാസ്റ്റ്യൻ വില്ലുകുളം |
| 30 | ഫാ. ജോസഫ് മുണ്ടശേരി |

## കെ.സി.വൈ.എം
## വിജയപുരം രൂപതക്ക് പുതു നേതൃത്വം




2023 ഡിസംബർ 9,10 തിയതികളിലായി വിമലഗിരി പാസ്റ്റൽ സെന്ററിൽ നടന്ന വിജയപുരം രൂപതയുടെ 38 ഇടവകകളിലെ 120 യുവജന പ്രതിനി

ധികൾ പങ്കെടുത്ത കെ.സി.വൈ.എം വിജയപുരം രൂപത സെനറ്റ് സമ്മേനത്തിൽ രൂപത പ്രസിഡന്റ് ജോസ് വർക്കി അദ്ധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം സംസ്ഥാന ജന. സെക്രട്ടറി ജോജി ടെന്നിസൺ ഉത്ഘാടനം നിർവഹിച്ചു , ഫാ. എഡ്വിവിൻ കടവന്ത്ര, ഫാ.ജോൺ വിയാന്നി,ഫാ ലിനൂസ് ബിവേര, സിമഎം, നിർമ്മൽ സ്റ്റാൻലി,എന്നിവർ സംസാരിച്ചു തുടർന്ന് 2023- 24 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളായി

പ്രസിഡന്റ് : അജിത് അൽഫോൻസ് (കുട്ടിക്കാനം യൂണിറ്റ് )

ജന.സെക്രട്ടറി : ജോസ് സെബാസ്റ്റ്യൻ (ആണ്ടൂർ യൂണിറ്റ് )

വൈ.പ്രസിഡന്റ്മാർ: മരിയൻ ആന്റണി ( സൂര്യനെല്ലി യൂണിറ്റ് )

സലോമി.ഡി (ചിന്നക്കനാൽ യൂണിറ്റ് )

സെക്രട്ടറിമാർ : അനു വിൻസെന്റ് (പാമ്പനാർ ഇടവക), റെനീഷ് സെബാസ്റ്റ്യൻ (വയലാ യൂണിറ്റ് )

ട്രഷറർ :അലൻ ജോസഫ് (വണ്ടിപ്പെരിയാർ യൂണിറ്റ് )

സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ : സോനാ മൈക്കിൾ (ചങ്ങനാശ്ശേരി യൂണിറ്റ് ) സുബിൻ.കെ.സണ്ണി (മഠത്തുഭാഗം യൂണിറ്റ്) എന്നിവരെ തെരഞ്ഞെടുത്തു.

---

## കുട്ടികളുടെ ലോകദിനം 2024- മെയ് 25-26

ഫ്രാൻസീസ് പാപ്പ കുട്ടികൾക്കായ് ഒരു ദിനം ആചരിക്കുമെന്ന് പ്രഖ്യാപിച്ചു. ലോക യുവജനദിനത്തിന്റെ മാതൃകയിൽ സഭ ആദ്യമായി 2024 മെയ് 25-26 തീയതികളിൽ റോമിൽ വച്ചായിരിക്കും കുട്ടികളുടെ ഈ ദിനം ആഘോഷിക്കുന്നത്. കുട്ടികളെ സഭയുടെയും കുടുംബത്തിന്റെയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ച് അവരുടെ പരിപാലനത്തിന് പ്രാധാന്യം നൽകുകയാണ് ആഗോളദിനാചരണത്തിന്റെ ലക്ഷ്യം.

ഈശോയെപ്പോലെ കുട്ടികളെ കേന്ദ്രീകരിച്ചുള്ള പരിചരണം ആവശ്യമാണെന്നും വളർന്നുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് ഏതുതരത്തിലുള്ള ലോകമാണ് നാം അവശേഷിപ്പിക്കുക എന്ന് ചിന്തിക്കണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടാണ് ഡിസംബർ 8-ാം തീയതി അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനത്തിൽ പാപ്പ കുട്ടികളുടെ ലോകദിനത്തിന്റെ പ്രഖ്യാപനം നടത്തിയത്. കഴിഞ്ഞ മെയ്മാസം 9 വയസുകാരനായ ആലബ്രായുടെ ഒരു ചോദ്യത്തിൽ നിന്നാണ് ലോകയുവജന മാതൃകയിൽ ഇത്തരമൊരു ആശയത്തിലേക്ക് പാപ്പ എത്തിചേർന്നത്.

# നമ്മുടെ ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രമായ പരിശുദ്ധ കുർബാനയെ വിളിക്കുന്ന പേരുകളും അവയുടെ അർത്ഥവും.

ഫാ. ജോസഫ് മീനായിക്കോടത്

### 1. അപ്പം മുറിക്കൽ

കുർബാനയെ സൂചിപ്പിക്കുവാൻ ആദിമസഭ ഉപയോഗിച്ചിരുന്ന വാക്കാണ്. 'അവർ അപ്പസ്തോലൻമാരുടെപ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു.

(അപ്പ. 2 : 42 ) അപ്പം മുറിക്കൽ എന്ന വാക്ക് കുർബാനയെ സൂചിപ്പിക്കുവാൻ തുടർന്നും അപ്പസ്തോല പ്രവർത്തനത്തിൽ ഉപയോഗിക്കുന്നുണ്ട് (2:46,20:7, 27:35 )എമ്മാവൂസിലേക്ക് പോയ ശിഷ്യൻമാർ യേശുവിനെ തിരിച്ചറിഞ്ഞത് അപ്പം മുറിച്ചപ്പോഴാണ് (ലൂക്ക 24:35 )സുവിശേഷങ്ങൾക്കുശേഷം എഴുതപ്പെട്ട പ്രസിദ്ധമായ കൃതിയാണ് 'ഡിഡക്കേ' (Dedache). പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം എന്ന് ഇത് അറിയപ്പെടുന്നു. എ.ഡി. 100 നാണ് രചിക്കപ്പെട്ടത്. ഈ പുസ്കത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു

'കർത്താവിന്റെ ദിവസത്തിൽ നിങ്ങൾ ഒന്നിച്ചു കൂടുമ്പോൾ അപ്പം മുറിക്കുകയും നന്ദിപറയുകയും ചെയ്യുവിൻ..' (14:1)

### 2 യൂക്കരിസ്റ്റ്

വി.കുർബാനയെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന പ്രധാന പദമാണിത്. യൂക്കരിസ്റ്റ് എന്ന പദം 'എവുക്കരിസ്തിയാ ' എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് ഉത്ഭവിച്ചത്. അതിന്റെ അർത്ഥം 'നന്ദി പ്രകാശിപ്പിക്കുക ' എന്നാണ്. യേശുവിന്റെ പ്രഥമ ബലിയർപ്പിച്ച സമയത്ത് ഈ വാക്ക് ഉപയോഗിക്കുന്നുണ്ട്.

' പാനപാത്രം എടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, '.

(മർക്കോസ് 14 : 23 മത്തായി 26:27, 1 കൊറി 11:24) 165 ൽ വി. ജസ്റ്റിൻ ഇങ്ങനെ രേഖപ്പെടുത്തായിരിക്കുന്നു ' ഈ ആഹാരത്തെ ഞങ്ങൾ എസ്ക്കരിസ്തിയ എന്ന് വിളിക്കുന്നു ' ( 1 apology 6 6:1 2 )

### 3 പരിശുദ്ധ കുർബാന

കുർബാന എന്ന സുറിയാനി പദത്തിന്റെ അർത്ഥം ബലി അഥവാ സമർപ്പണം, അടുത്ത് വരിക അരികിലേക്ക് ചേർത്ത് നിർത്തുക എന്നെല്ലാമാണ് . ബലിയർപ്പണത്തിലൂടെ നമ്മൾ ക്രൂശിനോട് ചേർന്നിരിക്കുന്നു എന്ന് ഈ പദം സൂചിപ്പിക്കുന്നു. മാത്രമല്ല ഏതെങ്കിലും കാഴ്ച്ച വസ്തുവുമായി ദൈവത്തിന്റെ അടുത്ത് വരുന്നതിനെയും ഈ വാക്ക് സൂചിപ്പിക്കുന്നു

### 4 ദിവ്യബലി

പ്രൊട്ടസ്റ്റന്റ് സഭ കത്തോലിക്ക സഭയിൽ നിന്ന് വേർപിരിഞ്ഞ് പോയപ്പോൾ .വി കുർബാനയിലെ ബലിയുടെ വശത്തെ നിരാകരിച്ചു. ഈ അവസരത്തിൽ ട്രെന്റ്

കൗൺസിൽ പരിശുദ്ധ കുർബാനയിലെ ബലിയുടെ വശത്തെ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. പഴയ നിയമത്തിലെ വിവിധങ്ങളായ ബലികളെ പൂർത്തിയാക്കുന്നത് കൊണ്ടും അവയെയെല്ലാം അധികരിക്കുന്നതുകൊണ്ടുമാണ് .വി.കുർബാനയ്ക്ക് ഈ പേര് നൽകിയിരിക്കുന്നത്

### 5 മാസ്സ് , ഹോളി മാസ്സ്

നമ്മുടെ ദിവ്യബലിയുടെ സമാപനത്തിൽ പറയുന്നത് ദിവ്യ പൂജ സമാപിച്ചു ക്രിസ്തുവിന്റെ സമാധാനത്തിൽ പോകുവിൻ എന്നാണ് (ite missa est). ദിവ്യബലിയുടെ അന്ത്യത്തിൽ ക്രൈസ്തവ സമൂഹത്തെ ഒരു ദൗത്യവുമായി ലോകത്തിലേക്ക് പറഞ്ഞയക്കുന്ന ചടങ്ങായിരുന്നു ഇത്. ദിവ്യബലി സമാപിക്കുമ്പോൾ ജീവിതം കൊണ്ടുള്ള ബലിയർപ്പണം ആരംഭിക്കുന്നതെയുള്ളു വെന്ന് ഈ നാമം അനുസ്മരിക്കുന്നു .

### 6 ദിവ്യകാരുണ്യം

അവർണ്ണനീയമായ ദൈവദാനമാണ് പരിശുദ്ധ കുർബാന. സാധാരണയായി അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശത്താൽ ബലിയർപ്പണത്തിന്റെ ഭാഗമായോ അല്ലാതെയോ ഒരാൾ സ്വീകരിക്കുന്ന കുർബാനയ്ക്കാണ് ദിവ്യകാരുണ്യം (holy communion ) എന്ന് പറയുന്നത്. ദിവ്യകാരുണ്യത്തിലൂടെ അനുഗ്രഹത്തോടൊപ്പം അനുഗ്രഹദാതാവിനെയും നമ്മുക്ക് ലഭിക്കുന്നു.

### 7.കർത്താവിന്റെ അത്താഴം

വി.കുർബാനയെ സൂചിപ്പിക്കുവാൻ ഈ പേര് വിളിക്കുന്നതിന് രണ്ട് കാരണങ്ങൾ ഉണ്ട്. യേശു അന്ത്യാത്താഴ സമയത്ത് പരിശുദ്ധ കുർബാന സ്ഥാപിച്ചതിനെ അനുസ്മരിക്കുന്നു. മാത്രമല്ല മെസിയാനിക യുഗത്തിൽ എല്ലാ ജനതയ്ക്കും വേണ്ടി കർത്താവ് ഒരുക്കുന്ന വിരുന്നിനെ ഈ പേര് ഓർമ്മിപ്പിക്കുന്നു (ഏശയ്യ 25:6)

എന്ത് കൊണ്ടാണ് ഞായറാഴ്ച്ചയ്ക്ക് ഇത്ര വലിയ സ്ഥാനം നൽകുന്നത് ?

ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഞായറാഴ്ച്ചയ്ക്ക് വലിയ സ്ഥാനമുണ്ട്. അതിന് കാരണം യേശു ഉത്ഥാനം ചെയ്തത് ഞായറാഴ്ച്ചയാണ് , മാത്രമല്ല യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതും എമ്മാവുസിലേക്ക് പോയ ശിഷ്യൻമാർക്ക് യേശു പ്രത്യക്ഷപ്പെട്ടതും ഇതെ ദിവസത്തിലാണ്. പെന്തക്കോസ്ത് ദിനത്തിൽ പരിശുദ്ധാത്മാവ് ആദിമ സഭയിൽ എഴുന്നള്ളിയതും ഞായറാഴ്ച്ചയാണ്. ഞായറാഴ്ച്ച കർത്താവിന്റെ ദിവസമാണെന്ന് വചനം പറയുന്നു. പത്ത് പ്രമാണങ്ങളിലും തിരുസഭയുടെ കല്പനകളിലും നമ്മോട് കല്പിക്കുന്നത് ഞായറാഴ്ച്ചയും മറ്റ് കടമുള്ള തിരുന്നാളുകളും പരിശുദ്ധമായി ആചരിക്കണം എന്നാണ്

### എങ്ങനെയാണ് ഞായറാഴ്ച്ചയ്ക്ക് ഇത്ര പ്രാധാന്യം കൈവന്നത് ?

ആദിമ സഭയിൽ അപ്പാ സ്തോലൻമാരുടെ കാലം മുതൽ തന്നെ കുർബാനയ്ക്കായി അവർ ഒത്ത് കൂടിയിരുന്നത് ഞായറാഴ്ച്ചയാണ് . ആ ദിവസത്തെ അവർ കർത്താവിന്റെ ദിനം എന്ന് വിളിച്ചു. (അപ്പ 20:7, 1കൊറി 16:2, വെളി 1:10)അപ്പസ്തോലൻമാരുടെ പ്രബോധനങ്ങൾ ഉൾകൊള്ളുന്നഡിഡാക്കെ യിൽ കർത്തൃദിവസ

ത്തെപ്പറ്റി പറയുന്നു. 'കർത്താവിന്റെ ദിവസങ്ങളിൽ നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ അപ്പം മുറിക്കുകയും നന്ദി പറയുകയും ചെയ്യുവിൻ'(14,1). ഞായറാഴ്ച്ചയുടെ പ്രാധാന്യത്തെപറ്റി രക്തസാക്ഷിയായ വി. ജസ്റ്റിൻ (+165) പറയുന്നു: 'ദൈവം ഇരുട്ടിനെയും പദാർത്ഥത്തെയും മാറ്റി ലോകം സൃഷ്ടിച്ച സൂര്യന്റെ ദിവസം ഞങ്ങൾ ഒന്നിച്ചു കൂടുന്നു. നമ്മുടെ മരിച്ചവരിൽ നിന്നുയർത്തതും അന്നാണല്ലോ. 'എങ്ങനെ ഞായറാഴ്ച്ച ആചരണം നടത്തണം എന്നതിനെക്കുറിച്ച്ഒരിജൻ (+253) പറയുന്നു. 'ഞായറാഴ്ച ആരും ലൗകിക വ്യാപാരങ്ങളിൽ ഏർപ്പെടരുത്. ലൗകികജോലികളിൽ നിന്നകന്ന് ആത്മീയ കാര്യങ്ങൾക്കായി സ്വയം ദൈവാലയത്തിൽ പോയി വിശുദ്ധഗ്രന്ഥവും പ്രസംഗവും കേട്ട് സ്വർഗ്ഗീയ കാര്യങ്ങൾ ധ്യാനിക്കുക ' . ഞായറാഴ്ച്ച കുർബാനയിൽ പങ്കുചേരുക ഒരു ദേശദ്രോഹ കുറ്റമായി കണകാക്കിയിരുന്ന കാലത്തും മരത്തത്തിന്റെ നിഴൽ വീണ വഴിയിലൂടെ ബലിയർപ്പിക്കാൻ വിശ്വാസികൾ പോയിരുന്നു. ഡയക്ലീഷൻ ചക്രവർത്തിയുടെ ഭരണകാലത്ത് ആഫ്രിക്കയിലെ അല്ലൂറ്റ എന്ന സ്ഥലത്ത് ഫെലിക്സ് എന്ന വിശ്വാസിയെ വിചാരണ ചെയ്യുന്ന സമയത്ത് ന്യായധിപൻ ചോദിച്ചു വധശിക്ഷ ലഭിക്കുമെന്ന് അറിഞ്ഞിട്ടും എന്ത് കൊണ്ട് ബലിയർപ്പിക്കാനായി പോയി . അതിന് രക്തസാക്ഷിയായ ഫെലിക്സ് പറഞ്ഞു ' 'ഞങ്ങൾ ക്രിസ്ത്യാനികളാണ്. ദിവ്യബലിയർപ്പിക്കാതെ ഞങ്ങൾക്ക് ജീവിക്കാനാവില്ല ' . അബിറ്റീനയിലെ മറ്റൊരു രക്തസാക്ഷി പറയുന്നു 'കർത്താവിന്റെ ശരീരം കൂടാതെ നമുക്ക് ജീവിക്കാനാവില്ല 'എന്നാണ് . ക്രിസ്തുമതത്തിന് സ്വാതന്ത്ര്യം നൽകിയ കോൺസ്റ്റന്റെൻ എന്ന രാജാവാണ് അ .ഉ.321 മാർച്ച് മാസം ഏഴാം തിയതി ഞായറാഴ്ച ഒഴിവ് ദിനമായി പ്രഖ്യാപിച്ചത് . എൽവിരാ സിനഡിൽ വച്ച് (The Council of Elvira) 300ാമാണ്ടിൽ ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ടു. 'പട്ടണത്തിലുള്ളവൻ മൂന്നു ഞായറാഴ്ച പള്ളിയിൽ വരാതിരുന്നാൽ അവൻ കുറെക്കാലത്തേക്ക് സഭയിൽ നിന്നു മുടക്കപ്പെടട്ടെ. അവനെ നേടുന്നതിന് വേണ്ടിയാണിത്. '380ലെ ലവൊദിക്യാ സിനഡ് അരുൾ ചെയ്തു (കാനൻ 29) കഴിവുള്ളിടത്തോളം ഞായറാഴ്ച ജോലികളിൽ നിന്ന് വിശ്വാസികൾ അകന്നിരിക്കണം.നാലാം നൂറ്റാണ്ടിന്റെ അവസാനം എഴുതപ്പെട്ട 'അപ്പസ്തോലിക് കോൺസറ്റിറ്റ്യൂഷൻസ്' എന്ന രേഖയും ഏതാണ്ട് ഇപ്രകാരംതന്നെ പഠിപ്പിക്കുന്നു. യഹൂദന്മാർ ശാബതാചരിച്ചതുപോലെ ക്രിസ് ത്യാനികൾ ഞായറാഴ്ചയാചരിക്കണം .യഹൂദന്മാർ ശാബതാചരിച്ചതുപോലെ ക്രിസ്ത്യാനികൾ ഞായറാഴ്ചയാചരിക്കണം എന്ന് ആർളെസിലെ സീസർ (St. Caesar of Arles, 6th c.) പറയുന്നു. 'മുഴുവൻ കുർബാനയും കാണണം'.വി. അഗസ്റ്റിൻ ഞായറാഴ്ച്ചയെ ' കൂദാശ' എന്നാണ് വിളിച്ചത്. ഒരനുസ്മരണയും യാഥാർത്ഥ്യവല്ക്കരണ വുമാണ് കർത്തൃദിവസം എന്ന് വത്തിക്കാൻ കൗൺസിൽ പറയുന്നു. മാത്രമല്ല ആദ്യത്തെ പെരുന്നാൾ ദിനവും ഭാവിയുടെ മുന്നാസ്വാദനമാണ് കർത്തൃദിനം. (ലിറ്റർജി 106) സഭാ നിയമം നമ്മെ പഠിപ്പിക്കുന്നത് 'അപ്പസ്തോലിക പാരമ്പര്യമനുസരിച്ച് സ ഹാരഹസ്യം ആഘോഷിക്കപ്പെടുന്ന ഞായറാഴ്ച സാർവ ത്രികസഭയിൽ പ്രഥമമായ കടപ്പെട്ട തിരുനാൾ ദിനമായി ആച രിക്കേണ്ടതാണ്. ' (CIC 1246 . 1 )

കത്തോലിക്ക മതബോധന ഗ്രന്ഥം ( രരര 2181) ഞായറാഴ്ചക്കുർബാന സകല ക്രൈസ്തവാനുഷ്ഠാനങ്ങളുടെയും അടിസ്ഥാനവും സ്ഥിരീകരണവുമാണ്. ഇക്കാരണത്താൽ കടമുള്ള ദിവസങ്ങളിൽ കുർബാ നയിൽ പങ്കുചേരാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു, ഗൗരവമുള്ള കാരണങ്ങളാൽ (ഉദാഹരണം: രോഗങ്ങൾ, ശിശുക്കളുടെ പരിചരണം) ഒഴിവാക്കപ്പെടുകയോ അവരുടെ സ്വന്തം അജപാലകനാൽ ഒഴിവുനൽകപ്പെടുകയോ ചെയ്തില്ലെങ്കിൽ അവർ അതിനു കടപ്പെട്ടിരിക്കുന്നു. ഈ കടമ നിറവേറ്റുന്നതിൽ മനഃപൂർവം വീഴ്ചവരുത്തുന്നവർ (സഭാ നിയമം ഇകള 1245 ) ഗൗരവാവഹമായ പാപം ചെയ്യുന്നു. തുടർന്ന് മതബോധന ഗ്രന്ഥം പറയുകയാണ്. [CCC 2182] ഞായറാഴ്ച കുർബാനയുടെ സാമൂഹികാഘോഷത്തിലെ ഭാഗഭാഗിത്വം, ക്രിസ്തുവിനോടും അവിടുത്തെ സഭയോടുമുള്ള ഐക്യത്തിന്റെയും വിശ്വസ്തതയുടെയും സാക്ഷ്യമാണ്. വിശ്വാസികൾ അതുവഴി വിശ്വാസത്തിലും സ്നേഹത്തിലുമുള്ള തങ്ങളുടെ കൂട്ടായ്മയ്ക്ക് സാക്ഷ്യം നൽകുന്നു. അതോടൊപ്പം അവർ ദൈവ ത്തിന്റെ പരിശുദ്ധിക്കും, രക്ഷയിലുള്ള തങ്ങളുടെ പ്രത്യാശയ്ക്കും സാക്ഷ്യം നൽ കുന്നു. അവർ പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിൻ കീഴിൽ പരസ്പരം ശക്തിപ്പെടുത്തുന്നു.

■

---

സ്നേഹം നിറഞ്ഞ അച്ചൻമാരെ,

അടുത്ത വിവാഹ ഒരുക്ക സെമിനാർ കോട്ടയത്തു വച്ച് 2024 ജനുവരി 10,11,12 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിലാണ് നടത്തപ്പെടുന്നത്. പത്താം തീയതി രാവിലെ ഒൻപതു മണിക്ക് ആരംഭിക്കും.

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുവാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യ പത്രം, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബൈബിൾ, നോട്ട്ബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്.

**രജിസ്ട്രേഷൻ ഫീസ് 1750 രൂപ.**

സെമിനാറിന്റെ അവസാന ദിവസം പന്ത്രണ്ടാം തീയതി രാവിലെ 9. മണിക്ക് മാതാപിതാക്കൾക്ക് പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ മാതാപിതാക്കളും നിർബന്ധമായും ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്.

***വിളിക്കേണ്ട നമ്പർ :***

**1. Mr. Reji John** : 9747713183, 9961144628

**2. Fr. Joseph Babu Poovathumkal** : 8606019352

*(Co ordinator Minitsry of Family Apostolate )*



## ഡീക്കൻ

- ചീന്തലാർ സെന്റ്. സെബാസ്റ്റ്യൻസ് ഇടവക
  മൂട്ടൂർ ചാർളിയുടെയും സെലിന്റെയും മകൻ
  **റഫേൽ ടോണി.**
- ചീന്തലാർ സെന്റ്. സെബാസ്റ്റ്യൻസ് ഇടവക
  മുള്ളൻകിനാവിള ലോറൻസിന്റെയും ആൻസമ്മയുടെയും മകൻ
  **മൈക്കിൾ ലിജോ.**

## വൈദിക വസ്ത്രം സ്വീകരിച്ചവർ

- ചീന്തലാർ സെന്റ്. സെബാസ്റ്റ്യൻസ് ഇടവക
  നെല്ലിക്കൽ ആന്റണിയുടെയും ക്ലാരയുടെയും മകൻ
  **തോമസ് ലിബിൻ.**
- പട്ടിത്താനം സെന്റ് ബോണിഫസ് ഇടവക
  പൊള്ളയിൽ അലോഷ്യസിന്റെയും ആനിയുടെയും മകൻ
  **ജേക്കബ് അമൽ.**
- വണ്ടിപ്പെരിയാർ അസംപ്ഷൻ ഇടവക
  മാങ്കുഴി സെൽവകുമാറിന്റെയും അൽഫോൻസായുടെയും മകൻ
  **സെബിൻ.**
- കോഴിപ്പിള്ളി ലിറ്റിൽ ഫ്ളവർ ഇടവക
  കുട്ടൻചാലിൽ ജൂഡിയുടെയും സിബിയുടെയും മകൻ
  **യേശുദേവ് സച്ചിൻ.**
- കുറിച്ചി സെന്റ് സേവിയേഴ്സ് ഇടവക
  പയ്യപള്ളി ജോഷിയുടെയും കൊച്ചുമോളിന്റെയും മകൻ
  **സെബാസ്റ്റ്യൻ ജോയ്സ്.**

# പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം

പട്ടിത്താനം : പട്ടിത്താനം ഫൊറോനാ വികാരിയും പട്ടിത്താനം സെന്റ് ബോണിഫസ് ദൈവാലയ വികാരിയുമായ വെരി. റവ. ഫാ. ഗ്രിഗരി കൂട്ടുമേലിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം 2023 ഡിസംബർ പത്താം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് കൃതജ്ഞത ബലിയോടെ ആരംഭിച്ചു. കൃതജ്ഞത ബലിയിൽ വികാരി ജനറാൾ വെരി. റെവ. മോൺസിഞ്ഞോർ ജസ്റ്റിൻ മഠത്തിൽ പറമ്പിൽ ഉൾപ്പെടെ 20 വൈദികർ സഹകാർമികരായിരുന്നു. നാഗമ്പടം സെന്റ് ആന്റണിസ് തീർത്ഥാടന കേന്ദ്ര റെക്ടർ വെരി. റവ. . മോൺസിഞ്ഞോർ സെബാസ്റ്റ്യൻ പൂവത്തിങ്കൽ പൗരോഹിത്യത്തെക്കുറിച്ചും ജൂബിലി നിറവിനെക്കുറിച്ചും ഹൃദയ സ്പർശിയായ രീതിയിൽ വചന സന്ദേശം നൽകടി. വിജയപുരം രൂപതാ മെത്രാൻ അഭിവന്ദ്യ റൈറ്റ്.റവ.ഡോ. സെ ബാസ്റ്റ്യൻ തെക്കത്തെചേരിയിൽ സമാപന ആശിർവാദം നടത്തി.

തുടർന്ന് നടന്ന പൊതുസമ്മേളനത്തിന് തിരുവല്ല ഫൊറോനാ വികാരി ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ അധ്യക്ഷത വഹിച്ചു. ജൂബിലി കമ്മിറ്റിജനറൽ കൺവീനർ കെ.പി സാബു സ്വാഗതം അർപ്പിച്ചു.കോട്ടയം എം.പി തോമസ് ചാഴികാടൻ ഉദ്ഘാടനവും കടുത്തുരുത്തി എംഎൽഎ അഡ്വ. മോൻസ് ജോസഫ് മുഖ്യപ്രഭാഷണവും നടത്തി. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ആയിരുന്ന ഡോ.സിറിയക് തോമസ് പൗരോഹിത്യ സുവർണ്ണ ജൂബിലി സന്ദേശം നടത്തി. പട്ടിത്താനം ഫൊറോനാ സെക്രട്ടറി ഫാ. ജോസഫ് കുറ്റിക്കാട്ടിൽ ജൂബിലേറിയനെ പൊന്നാട അണിയിച്ചു. ഇടവക സെക്രട്ടറി ലാലു സെബാസ്റ്റ്യൻ വെള്ളാരം കാലായിൽ ഇടവകയുടെ ഉപഹാരവും സമർപ്പിച്ചു. കാണക്കാരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ബിൻസി സിറിയക്,മഹാരാജാസ് കോളേജ് മലയാള വിഭാഗം മുൻ മേധാവി എസ് ജോസഫ്, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം സിൻസി മാത്യു, കാണക്കാരി ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ത്രേസ്യാമ്മ സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ജൂബിലേറിയന്റെ മറുപടി പ്രസംഗവും ഉണ്ടായിരുന്നു. ജൂബിലി ധനകാര്യ കമ്മിറ്റി കൺവീനർ ശ്രീ.വിൻസെന്റ് മാനാംതടം നന്ദി പ്രകാശനവും നടത്തി. പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് കോട്ടയം റിഥം ബീട്സ് ന്റെ ഗാനമേളയും ഉണ്ടായിരുന്നു.

# ഇടവക വാർത്തകൾ



*പാമ്പനാർ തിരുഹൃദയ ദേവാലയത്തിൽ മിഷൻ ഞായറിനോടനുബന്ധമായി നടത്തിയ Litergical Exhibition ഫാ. ജോസ് കാടൻതുരുത്തേൽ ഉത്ഘാടനം ചെയ്തു. ഫാ. ഡെറിൻ വാസ് സന്ദർശകർക്ക് വിശദീകരണം നൽകി.*



ദളിത് ക്രൈസ്തവ സെക്രട്ടറിയേറ്റ് മാർച്ചും ധർണയും

# ബൈബിൾ വായനാമത്സരം:





*സെന്റ് സെബാസ്റ്റ്യൻസ് പുല്ലരിക്കുന്ന് ദേവാലയത്തിൽ, മതബോധന യൂണിറ്റിന്റെ നേതൃത്വത്തിൽ ബൈബിൾ വായനാമത്സരം ഡിസംബർ 3-ാം തിയതി നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. സേവ്യർ മാമൂട്ടിൽ ബൈബിൾ വായനയുടെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞുകൊടുത്തു. രണ്ട് വിഭാഗം ആയിട്ടാണ് മത്സരം നടത്തിയത്. അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾ സജീവമായി പങ്കെടുത്തു.*

## ആദരാഞ്ജലികൾ



**ലീമ രാജൻ (54)**
**വലിയപറമ്പിൽ**
**ഏന്തയാർ**

# വി.എസ്.എസ്.എസ്. വാർത്തകൾ

## ക്രിസ്മസ് 2024



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ക്രിസ്മസ് ആഘോഷ പരിപാടികൾ അമലനിലയത്തിൽ എപ്പിസ്ക്കോപ്പൽ വികാർ മോൺ സെബാസ്റ്റ്യൻ പൂവത്തുങ്കൽ തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്തു. പൗരോഹിത്യ ജൂബിലിയാഘോഷിക്കുന്ന ഫാ. ജോർജ്ജ് ജോൺ മേരി മംഗലത്തിനെ സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ പൊന്നാടയണിയിച്ചു. ഉപഹാരം കൈമാറി. അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര നന്ദി പറഞ്ഞു. ബഹു വൈദികർ, ഓഫീസ് സ്റ്റാഫ്, ആനിമേറ്റർമാർ, അയൽക്കാർ ആശാകിരണം പ്രവർത്തകർ, ബാലവേദിയംഗങ്ങൾ, സംഘചേതനപ്രതിനിധികൾ എന്നിവർ സംബന്ധിച്ചു. വിവിധ കലാപരിപാടികളും അരങ്ങേറി.

## ബോധവത്ക്കരണ ക്ലാസ്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി തുടർ പരിശീലന പരിപാടിയുടെ ഭാഗമായി ഊർജ്ജസംരക്ഷണം പാരമ്പര്യേതര ഊർജ്ജ ഉറവിടം എന്നീ വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന ഏജൻസികളുടെ സഹകരണത്തോടെ സംഘടിപ്പിച്ച ബോധവത്ക്കരണക്ലാസ് ജയ്മോൾ ജേക്കബ് ചെമ്പോല നയിച്ചു. വൈദ്യുതി, ജലം എന്നിവയുടെ വിവേക പൂർണ്ണമായ വിനിയോഗത്തെക്കുറിച്ചും ചർച്ചകൾ നടന്നു.

കാൻസർ സുരക്ഷയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന ഇൻഷ്വറൻസ് പോളിസിയെക്കുറിച്ച് അസി. മാനേജർ ജയേഷ് കൃഷ്ണ രവീന്ദ്രൻ, ഏരിയാ മാനേജർ സജിമോൻ വി.കെ. എന്നിവർ ക്ലാസ് നയിച്ചു. ആനിമേറ്റർമാർ ഓഫീസ് സ്റ്റാഫ്, സെന്റ് ജോസഫ്സ് ഐ.റ്റി.ഐ. വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## ക്രിസ്മസ് ആഘോഷപരിപാടിയിൽ നിന്ന്











# അഭിവന്ദ്യ പിതാവിന്റെ
## ജനുവരി മാസ പരിപാടികൾ

ജനുവരി 1 : രാവിലെ 10.00 ന്: വൈദികപട്ട ദാനകർമ്മം : വടവാതൂർ.

ജനുവരി 2 : രാവിലെ 10.00 ന്: ദിവ്യബലി, സെന്റ്. ആന്റണിസ് തീർത്ഥാടന കേന്ദ്രം, കോട്ടയം.
: ഉച്ചയ്ക്ക് 2.30 ന് അഭി. മാത്യു മൂലക്കാട്ടു പിതാവിന്റെ ജൂബിലി ആഘോഷം, കോട്ടയം.

ജനുവരി 4 : 2.30 ന് രജതജൂബിലി ആഘോഷം, സെന്റ്. സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ, ചീന്തലാർ.

ജനുവരി 5 : PPD

ജനുവരി 6 : CFIC Congregation ജൂബിലി ആഘോഷം.

ജനുവരി 10 : ഉച്ചയ്ക്ക് 3.00 ന്: വൈദികപട്ട ദാനകർമ്മം : ചിത്തിരപുരം.

ജനുവരി 12-14 : KRLCC & KRLCBC.

ജനുവരി 19 : PPD.

ജനുവരി 20 : മെത്രാൻപട്ടതിരുകർമ്മം, കോട്ടപ്പുറം.

ജനുവരി 21 : രാവിലെ 9.30 ന്: തിരുനാൾ ദിവ്യബലി, ഗുഡ്ഷെപ്പേർഡ് ദേവാലയം, കോട്ടയം.

ജനുവരി 24 : ജൂബിലി Visitation Congregation, ആലപ്പുഴ.

ജനുവരി 27 : Teacher's Gild, കോട്ടയം.

ജനുവരി 28 : വൈകുന്നേരം 5.00ന്: തിരുനാൾ ദിവ്യബലി, ഹോളി ഫാമിലി ചാപ്പൽ, കോട്ടയം.

ജനുവരി 29 : ഫെബ്രുവരി 9 : CCBI & CBCI, ബാംഗ്ലൂർ.



*പ്രീമാര്യേജ് കോഴ്സ് ഡിസംബർ 2023*

# റവ.ഫാ. ജോൺ കുന്നത്തുകുഴി പൗരോഹിത്യ ഡയമണ്ട് ജൂബിലി നിറവിൽ






റവ.ഫാ. ജോൺ കുന്നത്തുകുഴിയുടെ പൗരോഹിത്യ സ്വീകരണത്തിന്റെ ഡയമണ്ട് ജൂബിലി ആഘോഷം (60 വർഷം) മാതൃ ഇടവകയായ കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ദൈവാലയത്തിൽ നടന്നു. ജൂബിലി കുർബാനമദ്ധ്യേ മോൺ സെബാസ്റ്റ്യൻ പൂവത്തുങ്കൽ വചനസന്ദേശം നൽകി. പൊതുസമ്മേളനത്തിൽ ആർച്ച് പ്രീസ്റ്റ് റവ. ഡോ. മാണി പുതിയിടം അദ്ധ്യക്ഷത വഹിച്ചു. തിരുവല്ല, അതിരൂപതാ വികാരി ജനറൽ മോൺ ഐസക് പറപ്പിളി യോഗം ഉദ്ഘാടനം ചെയ്തു. ഡയമണ്ട് ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച "എന്റെ പൗരോഹിത്യജീവിത സ്മരണകൾ" എന്ന പുസ്തകം മോൺ. ജോസ് നവസ് പ്രകാശനം ചെയ്തു. കാർമൽഗിരി സെമിനാരി റെക്ടർ റവ.ഡോ. ചാക്കോ പുത്തൻപുരയ്ക്കൽ ആശംസ അർപ്പിച്ചു. റവ.ഡോ. സെബാസ്റ്റ്യൻ കുന്നത്തുകുഴി സ്വാഗതം പറഞ്ഞു. ഫാ. ജോൺ കുന്നത്തുകുഴി എല്ലാവർക്കും നന്ദി പറഞ്ഞു.

JANUARY 2024
Vol. 17 • Issue 1
*Published on*
1th January 2024

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180